2025 AUGUST 24

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

# കെ എച്ച് എൻ എ കൺവൻഷൻ

## 'സ്വച്ഛം, സുന്ദരം, വൈവിധ്യപൂർണം'





# ഫോമാ ബിസിനസ് കൺവൻഷനും ഫാമിലി നൈറ്റും

## ലാസ് വേഗസിൽ നവംബർ 14, 15


SPECTRUM
AUTO
Exceeding Perfection
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
CERTIFIED COLLISION REPAIR PROVIDER
COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# കെ.എച്ച്.എൻ.എ സിൽവർ ജൂബിലി ഗ്ലോബൽ കൺവൻഷൻ 'സ്വച്ഛം, സുന്ദരം, വൈവിധ്യപൂർണ്ണം'




സനാതന ധർമ്മ പ്രചരണാർത്ഥം രണ്ടരപ്പതിറ്റാണ്ടായി വടക്കേ അമേരിക്കയിലും കാനഡയിലും പ്രവർത്തിച്ചുവരുന്ന കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക (കെ എച്ച് എൻ എ) യുടെ രജതജൂബിലി ആഘോഷങ്ങൾക്കും ലോക ഹൈന്ദവ സമ്മേളനവും വൻ വിജയമാക്കിത്തീർത്തതിന് പ്രസിഡന്റ് ഡോ.നിഷ പിള്ള ഏവരോടും നന്ദി അറിയിച്ചു. അറ്റ്ലാന്റിക് സിറ്റിയിലെ എം.ജി.എം.റിസോർട്സ് ഇന്റർനാഷണലാണ് (7 സ്റ്റാർ)2025 ഓഗസ്റ്റ് 17 മുതൽ 19 വരെയാണ് ഈ ത്രിദിന മാമാങ്കം അരങ്ങേറിയത്. മധു ചെറിയേടത്ത് (ജനറൽ സെക്രട്ടറി), രഘുവരൻ നായർ(ട്രഷറർ), സുനിൽ പൈങ്കോൽ (കൺവൻഷൻ ചെയർ), മറ്റു അംഗങ്ങൾ എന്നിവരുടെ സഹകരണത്തോടെ വൈവിധ്യമാർന്ന ഒട്ടേറെ പരിപാടികൾ അവതരിപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ടി.ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലെ ഭരണസമിതിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു എന്നും നിഷ പിള്ള അറിയിച്ചു.

ഹൈന്ദവ ആചാര്യന്മാർ, സാംസ്കാരിക നായകന്മാർ, കലാ സാഹിത്യ മാധ്യമ ബിസിനസ് രംഗങ്ങളിലെ പ്രമുഖരുടെ സാന്നിധ്യം കൊണ്ട് സമ്പന്നമാകുന്ന കൺവൻഷനിൽ 500ല്പരം കുടുംബങ്ങളിൽ നിന്ന് 2000 -ത്തില് പരം അംഗങ്ങൾ വിരാട് 25 എന്ന പതാകയ്ക്ക് കീഴിൽ അണിനിരന്നുകൊണ്ടാണ് കൺവൻഷൻ ആരംഭിച്ചത്. രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കു പുറമെ രാഷ്ട്രീയ-സാംസ്കാരിക-സാമുദായിക രംഗങ്ങളിൽ നിന്നുള്ള ഇരുപത്തിയഞ്ചോളം വിശിഷ്തിടാതിഥികൾ പങ്കെടുത്തു. മീനാക്ഷി ലേഖി,

ജഡ്ജ് രാജരാജേശ്വരി,സിബു നായർ (ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അമേരിക്കൻ ഏഷ്യൻ അഫയേഴ്സ് ഓഫ് ന്യൂയോർക്ക്), ജെ.നന്ദകുമാർ, അഡ്വ.ജയശങ്കർ തുടങ്ങിയവർ വേദിയെ ധന്യമാക്കി. അമൃതാനന്ദമയി അമ്മ ഓൺലൈൻ ആയി കൺവൻഷന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് അനുഗ്രഹപ്രഭാഷണം നടത്തി. സ്വാമി അമൃതസ്വരൂപാനന്ദ പുരി ആചാര്യോപദേശം നൽകി.

കേരളത്തിന്റെ തനതുകലകൾ അമേരിക്കയിലേക്ക് അക്ഷരാർത്ഥത്തിൽ പറിച്ചുനടുക എന്ന ഉദ്ദേശത്തോടെ നിരവധി പ്രോഗ്രാമുകളാണ് കണ്ണൂരുള്ള ഫോക് ലാൻഡ് ഇന്റർനാഷണൽ എന്ന ടീം അവതരിപ്പിച്ചത്. കളരിപ്പയറ്റ്,ഗുരുവായൂർ ഉറിയടി,കാവിലാട്ടം,തെയ്യം,ഗരുഡൻപറവ,തീയാട്ട്,മുടിയേറ്റ് എന്നിങ്ങനെ നിരവധി വ്യത്യസ്ത പരിപാടികൾ കാണികൾക്ക് വേറിട്ട അനുഭവമായി. കഥകളി, മേളം പോലുള്ള ക്ഷേത്രകലകൾക്കും പ്രാധാന്യം നൽകിയത് പ്രശംസ പിടിച്ചുപറ്റി. നൂറുപേരുടെ താലപ്പൊലിയും മുത്തുക്കുടയുമൊക്കെയായി നാട്ടിലെ പൂരത്തിന്റെ പ്രതീതി ജനിപ്പിക്കുന്ന ഘോഷയാത്രയും കണ്ണുകളെ കുളിരണിയിച്ചു. കെഎച്ച്എൻഎ പ്രസിഡന്റ് ഡോ.നിഷ പിള്ളയും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ആചാരമര്യാദകൾ പാലിച്ചുകൊണ്ട് ആചാര്യന്മാരെ സ്വീകരിച്ചു. സ്ഥാപക നേതാക്കളെയും മുൻ പ്രസിഡന്റുമാരെയും വേദിയിൽ ആദരിച്ചു. തുടർന്ന് പ്രച്ഛന്ന വേഷ മത്സരവും മെഗാതിരുവാതിരയും അരങ്ങേറി. വിരാട് എന്ന തീമിൽ അധിഷ്ഠിതമായ 'സമഷ്ടി' എന്ന നൃത്തനാടകവും ചലച്ചിത്രതാരം ദിവ്യ ഉണ്ണിയുടെ നേതൃത്വത്തിൽ കാശി എന്ന നൃത്തപ്രകടനവും കലാസ്വാദകരെ ഹരംകൊള്ളിച്ചു. സ്വാമി അമൃതസ്വരൂപാനന്ദ പുരിയുടെ സത്സംഗ്,സ്വാമി ചിതാനന്ദ പുരി ആചാര്യോപദേശം,ആറ്റുകാൽ തന്ത്രിയുടെ നേതൃത്വത്തിൽ സർവ്വൈശ്വര്യ പൂജ, ലളിത സഹസ്രനാമം 3 കോടി മന്ത്രാർച്ചന സമർപ്പണം എന്നിവ സംഘടനയിലെ ഓരോ അംഗങ്ങളിലും സനാതനധർമ്മത്തിന്റെ ശക്തി ഊട്ടിയുറപ്പിച്ചു.

യൂത്ത് ഫോർ ട്രൂത്ത് എന്ന പേരിൽ വിശിഷ്ടാതിഥികളും യുവാക്കളുമായുള്ള ചോദ്യോത്തര സെഷൻ, ലോലിപോപ്സ് വണ്ടർ എന്ന പേരിൽ സനാതനധർമവുമായി ബന്ധപ്പെട്ടുള്ള കുട്ടികളുടെ സംശയങ്ങൾക്ക് ആചാര്യന്മാർ മറുപടി കൊടുക്കുന്ന സെഷൻ, അരങ്ങ് യൂത്ത് ഫെസ്റ്റിവൽ, മാധ്യമ സെമിനാർ, യൂത്ത് ഫോറത്തിന്റെ കായിക പരിപാടി, ബിസിനസ് സെമിനാർ, രമേശ് നാരായണനും മധുശ്രീയും അവതരിപ്പിക്കുന്ന മൃദുമൽഹാർ എന്ന ഹിന്ദുസ്ഥാനി സംഗീതപരിപാടി,മാധ്യമസെമിനാറിൽ 24 ന്യൂസ്, ഇ-മലയാളി, ജന്മഭൂമി എന്നിങ്ങനെ പ്രമുഖ മാധ്യമപ്രതിനിധികൾക്കൊപ്പം അമേരിക്കയിലെ മലയാളികളിൽ ഏറ്റവും പ്രായം കുറഞ്ഞ ഇലക്റ്റഡ് ഒഫീഷ്യലായ പ്രീനു നായരും പങ്കെടുത്തു. കാലിഫോർണിയ ടീമിന്റെ ഛായാമുഖി,മിഷിഗൺ ടീമിന്റെ കാളിയൻ ചാത്തൻ എന്നീ പരിപാടികളും കൺവൻഷനെ മറ്റൊരു തലത്തിലേക്കുയർത്തി. സംവിധായകൻ ഹരിഹരന്റെ നേതൃത്വത്തിലുള്ള സെലിബ്രിറ്റി നൈറ്റിൽ നരെയ്ൻ,ശാന്തികൃഷ്ണ, അഭിലാഷ് പിള്ള തുടങ്ങി നിരവധിപേർ പങ്കെടുത്തു. യൂത്ത് ഡിജെ നൈറ്റ് ആയിരുന്നു മറ്റൊരു ആകർഷണം. യോഗ, പൂജ, ഭജൻ, ഭക്തി മഞ്ജരി, മെഗാ മോഹിനിയാട്ടം, സ്ത്രീ ശക്തിയെ അടിസ്ഥാനമാക്കിയുള്ള ഫാഷൻ ഷോ 'ലീല',സൗത്ത് ഫ്ലോറിഡ ടീമിന്റെ 'വൈശാലി',മാട്രിമോണിയൽ നെറ്റ്വർക്കിങ്, ജാനകി രംഗരാജന്റെ ഭരതനാട്യം,ലിറ്ററി ഫോറം, ഹെൽത്ത് സെമിനാർ,പ്രൊഫഷണൽ ഫോറം, തനിമ,സൂമ്പ ഡാൻസ് തുടങ്ങി ഒട്ടേറെ പരിപാടികൾ രണ്ടാം ദിവസവും മൂന്നാം ദിവസവുമായി അരങ്ങേറി.1500 പേർക്ക് ഇലയിൽ വിളമ്പിയ പഴയിടം സ്പെഷ്യൽ സദ്യയും മനം കവർന്നു.

സമാപന സമ്മേളനത്തിന് ശേഷം അഗം ബാൻഡ് അവതരിപ്പിച്ച പ്രത്യേക പരിപാടി യുവാക്കളെ ഇളക്കിമറിച്ചു.പാട്ടിനൊത്ത് അവരെക്കൊണ്ട് നൃത്തചുവടുകൾവയ്പ്പിക്കാൻ സാധിച്ചതും കെഎച്ച്എൻഎ യ്ക്ക് നവ്യാനുഭവമായി. രജത ജൂബിലി വർഷം തന്റെ സാരഥ്യത്തിൽ സംഘടനയിൽ യുവാക്കളുടെ പ്രാതിനിധ്യം വർധിപ്പിക്കുമെന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ടെന്ന് സമാപനസമ്മേളനത്തിലെ ഹൃദയനിർഭാരമായ പ്രസംഗത്തിൽ ഡോ.നിഷ പിള്ള പറഞ്ഞു. നേതൃസ്ഥാനത്തേക്ക് കൂടുതൽ യുവാക്കൾ കടന്നുവരുന്നതിൽ സന്തോഷമുണ്ടെന്നും ഇത് തന്നെയായിരുന്നു അധികാരമേൽക്കുമ്പോൾ താൻ ആഗ്രഹിച്ചിരുന്നതെന്നും നിറഞ്ഞ മനസ്സോടെയാണ് പടിയിറക്കാമെന്നും അവർ കൂട്ടിച്ചേർത്തു.സംഘടനയെ പുതിയ തലത്തിലേക്ക് ഉയർത്താൻ പുതിയ ടീമിന് എല്ലാവിധ ആശംസകളും നേർന്നു. കൺവൻഷനിൽ പങ്കെടുത്തവർ ബാപ്സ് ക്ഷേത്രത്തിലേക്ക് ഒരു യാത്രയും നടത്തി ശാന്തവും സ്വച്ഛവുമായ ഒരുപിടി ഓർമ്മകളുമായി മടങ്ങി.


KHNA
KERALA HINDUS OF NORTH AMERICA
VIRAAT 25
MEDIA
LOGISTICS




MEDIA
LOGISTICS




MEDIA
LOGISTICS




India Press Club of North America
IPCNA
India Press Club of North America
SHERATON
'The largest bulb on the planet - located in Edison, NJ'
11th
INTERNATIONAL
MEDIA
CONFERENCE
2025
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# ഫോമാ ബിസിനസ് കൺവൻഷനും ഫാമിലി നൈറ്റും നവംബർ 14, 15 തിയതികളിൽ ലാസ് വേഗസിൽ; രജിസ്ട്രേഷൻ ആരംഭിച്ചു.







**പന്തളം ബിജു**

കാലിഫോർണിയ: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വേഗസിൽ വെച്ച് നവംബർ 14, 15 തീയതികളിൽ ബിസിനസ് കൺവൻഷനും, ഫാമിലി നൈറ്റും ഗംഭീരമായി നടത്തുവാൻ റീജിയണൽ കമ്മറ്റി തീരുമാനിച്ചു. ലാസ് വേഗസിലെ പ്രശസ്തമായ റിയോ കാസിനോ ഹോട്ടലുമായി ഇതുസംബന്ധിച്ച് കരാർ ഒപ്പുവെച്ചു . ഈ വരുന്ന നവംബർ മാസത്തിലെ ഹേമന്തത്തിന്റെ കുളിരിൽ നിശയുണരുമ്പോൾ സജീവമാകുന്ന ലാസ് വേഗാസിന്റെ മാസ്മരികത ആസ്വദിച്ചുകൊണ്ട് കുടുംബമായും അല്ലാതെയും ഈ പ്രത്യേക പരിപാടിയിൽ പങ്കെടുക്കുവാൻ എല്ലാവർക്കും അവസരമൊരുക്കുന്നതാണ്.

അമേരിക്കൻ മലയാളി ബിസിനസ് സംഭരംഭകർക്കും, തുടക്കക്കാർക്കും, അവരുടേതായ ബിസിനസ് വളർച്ചയ്ക്കു വേണ്ടിയും, വിവിധ മേഖലകളിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ, ബിസിനസ് മേഖലയിൽ നേരിടാവുന്ന പ്രശ്നങ്ങൾ, എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങൾക്കു മാർഗനിദ്ദേശങ്ങൾ നൽകുകയെന്നുള്ളതാണ് ഈ ബിസിനസ് കൺവൻഷന്റെ ലക്ഷ്യം. ബിസിനസ് രംഗത്തു ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വിദഗ്തരാവും ഈ പരിപാടിയുടെ മുഖ്യാതിഥികൾ.

ബിസിനസ് സെഷനുകളിൽ വ്യവസായ നേതാക്കളും സംരംഭകരുമായുള്ള ആശയ വിനിമയം, പ്രമുഖ എക്സിക്യൂട്ടീവുകളുടെയും ഗസ്റ്റ് സ്പീക്കേഴ്സിന്റെയും മുഖ്യ പ്രസംഗങ്ങൾ, സ്ട്രാറ്റജി , ഗ്രോത്ത്, ഇന്നവേഷൻ ചർച്ചകൾ ,വ്യവസായത്തെ കുറിച്ച ധാരണകൾ, മാർക്കറ്റ് ട്രെൻഡുകൾ, ഭാവി വിജയത്തിനുള്ള ആക്ഷൻ പ്ലാനുകൾ, പ്രൊഫെഷണൽ ഡെവലപ്മെന്റ് എന്നിവ ഉൾപ്പെടും.

കുടുംബങ്ങൾക്ക് വേണ്ടി ഒരുക്കിയിരിക്കുന്ന വിനോദപരിപാടികളിൽ ഗൈഡഡ് സിറ്റി ടൂർ, ഷോപ്പിംഗ് യാത്രകൾ, ലൈവ് മ്യൂസിക്കിന്റെയും കലാ പ്രകടനങ്ങളുടെയും അകമ്പടിയോടെ ബാങ്കറ്റ്, പ്രശസ്ത ലാസ് വെഗാസ് ഷോകൾക്കുള്ള എക്സ്ക്ലൂസീവ് പ്രവേശനം, കുട്ടികൾക്കായി അക്വേറിയം, റൈഡ്സ് , പ്ലേ സോൺസ് , പൂൾ സൈഡ് ഗെയിമുകൾ, വിനോദ പരിപാടികൾ, മുതിർന്നവർക്ക് കാസിനോ നൈറ്റ് എന്നിവ ഒരുക്കിയിരിക്കുന്നു.

പങ്കെടുക്കാൻ വേണ്ടിയുള്ള രജിസ്ട്രേഷൻ വെബ്സൈറ്റ് പ്രസിദ്ധീകരിച്ചു . പരിപാടികളെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. വെബ്സൈറ്റിലുള്ള ലിങ്കിൽ കൂടി

രജിസ്ട്രേഷൻ പൂർത്തിയാക്കാം. ഏർലി ബേഡ് ബുക്കിങ്ങിന് മികച്ച് ഡിസ്കൗണ്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പരിപാടിയിൽ പങ്കെടുക്കുവാൻ രെജിസ്ട്രേഷൻ നിർബന്ധമാണ്.

വെസ്റ്റേൺ റീജിയൺ ആർ.വി.പി ജോൺസൺ ജോസഫിന്റെയും, ബിസിനസ് ചെയർ ബിജു സ്കറിയയുടെയും (കേരള അസോസിയേഷൻ ഓഫ് വാഷിംഗ്ടൺ, സിയാറ്റിൽ) നേതൃത്വത്തിൽ ഫോമയുടെ മിനി കൺവൻഷൻ എന്നു വിശേഷിപ്പിക്കാവുന്ന ഈ കൺവഷന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നതായി ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലയ്ക്കലോടി, വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, നാഷണൽ ബിസിനസ് ഫോറം ചെയർ ബേബി ഊരാളിൽ, ഫോമ മുൻ പ്രസിഡന്റും കൺവൻഷൻ ഉപദേശക സമിതി ചെയർമാനുമായ ജോൺ ടൈറ്റസ് എന്നിവർ അറിയിച്ചു.

നാഷണൽ കമ്മിറ്റി അംഗങ്ങളായ ജോർജ്ജ്കുട്ടി തോമസ് പുല്ലാപ്പള്ളി, സുജ ഔസോ, സജൻ മൂലേപ്ലാക്കൽ,

ഓജസ് ജോൺ, ഡോ. മഞ്ജു പിള്ള, ശരത് നായർ, ആഗ്നസ് ബിജു, ചെയർമാൻ റെനി പൗലോസ്, സെക്രട്ടറി സജിത്ത് തൈവളപ്പിൽ, ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പി.ആർ.ഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. പ്രിൻസ് നെച്ചിക്കാട്ട്, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പടം, റേച്ചൽ പോൾ, ടോജോ തോമസ്, ഡാനിഷ് തോമസ്, പോൾ ജോൺ, ഡോ. തോംസൺ ചെമ്പ്ലാവിൽ, ഡേവിഡ് പറപ്പിള്ളി, കുസുമം ടൈറ്റസ്, ഷൈജു വർഗീസ്, ഷോണ സാജൻ, ജോമി മാത്യു, ഷാൻ പരോൾ എന്നിവർ ഉൾപെട്ട കമ്മറ്റി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ പരിപൂർണ്ണ സഹകരണത്തോടെയായിരിക്കും പരിപാടികളുടെ നടത്തിപ്പുകൾ.




കൂടുതൽ വിവരങ്ങൾക്കും, രജിസ്ടേഷനും

https://fomaavegas2025.com/

Johnson Joseph(RVP) - 310-986-9672

Biju Skariah(Business Chair)- (425) 329-9090

# വടംവലി മത്സരത്തിൽ ഗ്ലാഡിയേറ്റേഴ്സ് വിജയകിരീടം ചൂടി; കോട്ടയം ബ്രദേഴ്സ് റണ്ണർ അപ്പ്; കാനഡക്ക് വൻ വിജയം




ഫോട്ടോ: സണ്ണി കല്ലൂപ്പാറ

ന്യൂ യോർക്ക്: റോക്ക് ലാൻഡ് കൗണ്ടിക്ക് ഉത്സവമായി മാറിയ അന്താരാഷ്ട്ര വടംവലി മാമാങ്കത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി കാനഡയിൽ നിന്നുള്ള ടീമുകൾ തകർപ്പൻ പ്രകടനം കാഴ്ചവച്ചു. വിജയ കിരീടം നേടിയ ഗ്ലാഡിയേറ്റേഴ്സ് കാനഡ, റോബർട്ട് അരീച്ചിറ സ്പോൺസർ ചെയ്ത 5001 ഡോളറും ഉലഹന്നാൻ അരീച്ചിറ മെമ്മോറിയൽ എവർ റോളിങ് ട്രോഫിയും കരസ്ഥമാക്കി. റണ്ണേഴ്സ് ആപ്പ് ആയ കോട്ടയം ബ്രദേഴ്സ് കാനഡ, റോയ് മറ്റപ്പിള്ളിൽ സ്പോൺസർ ചെയ്ത 3001 ഡോളറും ട്രോഫിയും നേടി. മൂന്നാം സ്ഥാനത്ത് വന്ന കെ.ബി.സി. ബ്ളാക്ക് കാനഡക്ക്, മുപ്രാപ്പള്ളിൽ ബ്രദർസ് സ്പോൺസർ ചെയ്ത 2001 ഡോളറും ട്രോഫിയും ലഭിച്ചു.

അമേരിക്കക്ക് ലഭിച്ച ആശ്വാസ വിജയം ഹ്യൂസ്റ്റൺ ബ്രദേഴ്സിന് ലഭിച്ച നാലാം സമ്മാനമാണ്. തോമസ് നൈനാൻ സ്പോൺസർ ചെയ്ത 1001 ഡോളറും ട്രോഫിയും അവർക്ക് ലഭിച്ചു.

കാലിന്റെയും കയ്യുടെയും അപാര ശക്തി പ്രകടമാക്കുന്ന വടംവലി മത്സരത്തിനു ബൗദ്ധികമായ വലിയ പ്രാധാന്യമൊന്നുമില്ലെങ്കിലും കാണികളായെത്തിയ ആബാലവൃദ്ധം ജനങ്ങളുടെ



ആവേശവും പ്രോത്സാഹനവും മത്സരം നടന്ന ക്നാനായ സെന്റർ അക്ഷരാർത്ഥത്തിൽ ഉത്സവപ്പറമ്പാക്കി. ഉച്ചക്ക് ആരംഭിച്ച മത്സരങ്ങൾ രാത്രി പത്തു മണിയോടെ സമാപിക്കുന്നത് വരെ ആവേശപൂർവം ജനവും പങ്കെടുത്തു.

നാട്ടിൽ ഓണക്കാലത്ത് മാത്രം ചുരുക്കമായി കാണപ്പെടുകയും എന്നാൽ രാഷ്ട്രീയ രംഗത്ത് സ്ഥിരം പരിപാടിയുമായ വടംവലി, ഒരു വൻകിട സ്പോർട്ട്സ് ആയി അമേരിക്കയിൽ മാറിയിട്ടുണ്ട് എന്നാണ് ന്യു യോർക്ക് സോഷ്യൽ ക്ലബിന്റെ ആഭിമുഖ്യത്തിലുള്ള ഈ രാണ്ടാമത് ആഗോള തല മത്സരം തെളിയിക്കുന്നത്. ഹ്യൂസ്റ്റണിലും ഷിക്കാഗോയിലുമെല്ലാം വമ്പിച്ച കായിക മാമാങ്കമായി മാറിയ വടംവലി പ്രവാസഭൂമിയിൽ ആവേശമായി തുടരുമെന്ന് ഉറപ്പ്.

ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ജോ. ട്രഷറർ അനുപമ കൃഷ്ണൻ, അടുത്ത പ്രസിഡന്റ് സ്ഥാനാർഥികളായി ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, സെക്രട്ടറി സ്ഥാനാർഥി അനു സ്കറിയ, വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷൻ പ്രസിഡന്റ് തോമസ് കോശി എന്നിവരുടെ സാന്നിധ്യം ഏറെ ശ്രദ്ധിക്കപ്പെട്ടു.

കാനഡാക്കു പുറമെ യുകെ, കുവൈറ്റ് , എന്നിവിടങ്ങളിൽ നിന്നും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽനിന്നും ടീമുകൾ മത്സരത്തിനെത്തി.

അഡ്വ. മോൻസ് ജോസഫ് എംഎൽഎ (കടുത്തുരുത്തി), മാണി സി. കാപ്പൻ എംഎൽഎ (പാലാ) ന്യൂ യോർക്ക് സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ ,റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ ആനി പോൾ തുടങ്ങിയവരും പങ്കെടുത്തു.

വടംവലിയോടനുബന്ധിച്ചു സംഘടിപ്പിച്ച ഫുഡ് ഫെസ്റ്റിവലും ഏറെ പുതുമയായി.

വയലിൻ വിദ്വാൻ യെദു കൃഷ്ണൻ അവതരിപ്പിച്ച വയലിൻ ഫ്യൂഷൻ ഷോ, ട്രൈ - സ്റ്റേറ്റ് അക്കാദമിയുടെ ഡാൻസ് , ന്യൂയോർക്ക് സോഷ്യൽ ക്ലബ് മെംബേഴ്സിന്റെ ഡാൻസ് , ലോങ്ങ് ഐലൻഡ് താളലയം അണിയിച്ചൊരുക്കിയ ചെണ്ട - ശിങ്കാരി മേളം തുടങ്ങിയവയും കളിക്കളത്തിനു ചാരുത പകർന്നു.

മത്സരത്തിന്റെ മെഗാ സ്പോൺസർ ജിതിൻ വർഗീസ് - സെഞ്ചറി 21 റോയൽ ആണ് .

മത്സരം കെ.വി.ടിവി, കേരള വോയിസ് തത്സമയം സംപ്രേക്ഷണം ചെയ്തതിനാൽ ലോകമെങ്ങും നിരവധി പേർക്ക് വിദൂരത്തു നിന്ന് തന്നെ മത്സരം കാണുവാനായി.



ന്യൂ യോർക്ക് സോഷ്യൽ ക്ലബ് പ്രസിഡന്റ് റോയ് മറ്റപ്പിള്ളിൽ , വൈസ് പ്രസിഡന്റ് സാജൻ കുഴിപറമ്പിൽ , സെക്രട്ടറി ജിമ്മി പൂഴിക്കുന്നേൽ , ജോയിന്റ്



സെക്രട്ടറി ഷിബു എബ്രഹാം , ട്രഷറർ ജോസ്കുട്ടി പൊട്ടംകുഴി ,പി അർഓ സിജു ചെരുവൻകാല എന്നിവരും ബോർഡ് മെമ്പേഴ്സായി നിബു ജേക്കബ് , ബിജു മുപ്രാ





പ്പള്ളിൽ ജോയൽ വിശകന്തര , മനു അരയൻതാനത്തു എന്നിവർ നേതൃത്വം നൽകി .



അഞ്ചാം സമ്മാനം ബെർണീ മുല്ലപ്പള്ളി സ്പോൺസർ ചെയ്ത 501 ഡോളറും ട്രോഫിയും, ആറാം സമ്മാനം ഫ്രണ്ട്സ് മ്യൂസിക് കമ്പനി നൽകുന്ന 501 ഡോളറും ട്രോഫിയും,ഏഴാം സമ്മാനം ലക്സ് ഡിസൈൻസ് & ഡെക്കർ സ്പോൺസറായ 501 ഡോളറും ട്രോഫിയും, എട്ടാം സമ്മാനം ഗ്ലോബൽ കോല്ലിസോൻ ന്യൂയോർക്ക് സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും.





# പാസ്റ്റർ എബ്രഹാം സാമുവേൽ സുവിശേഷകർക്ക് മാതൃക : സെനറ്റർ പിക്കോസി



**സിബിൻ മുല്ലപ്പള്ളി**

ഫിലദൽഫിയ : ജനങ്ങളെ ക്രിസ്തുവിലേക്ക് നയിക്കാൻ ത്യാഗവും സമർപ്പണവും മുഖമുദ്രയാക്കിയ പാസ്റ്റർ എബ്രഹാം സാമൂവേലിന്റെ ജീവിതം സുവിശേഷകർക്ക് മാതൃകയാണെന്ന് പെൻസിൽവേനിയ സെനറ്റർ ജോ പിക്കോസി.

അമേരിക്കയിലെ ആദ്യ മലയാളി സഭയായ ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസ്സമ്പ്ളിയുടെ പ്രാരംഭ പ്രവർത്തകനും ന്യൂയോർക്ക് പെന്തകോസ്തൽ അസ്സമ്പ്ളിയുടെ സ്ഥാപകനുമായ പാസ്റ്റർ എബ്രഹാം സാമൂവേലിന്റെ 90-മത് ജന്മദിന പരിപാടിയിൽ പുരസ്കാരം നൽകി ആദരിച്ചു സംസാരിക്കുകയായിരുന്നു സെനറ്റർ.

അധ്യക്ഷത വഹിച്ച ഐ. പി. സി. അരുണാചൽ പ്രദേശ് സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ ഡോ. ആൽവിൻ ഡേവിഡ്, പാസ്റ്റർ എബ്രഹാം സാമൂവേലിന്റെ സഭാ പ്രവർത്തനങ്ങൾ അനുസ്മരിച്ചു.

ആത്മ നിറവോടെയുള്ള ആത്മീക ശുശ്രുഷകളിലൂടെ, കുടുംബങ്ങളുടെ ആത്മീക ഉന്നമനത്തിനു സഹായിച്ച പാസ്റ്റർ എബ്രഹാം സാമൂവേൽ തന്റെ ജീവിതം തന്നെ സന്ദേശമാക്കിയെന്ന് ഐ. പി. സി. ജനറൽ പ്രെസ്ബിറ്റർ പാസ്റ്റർ. വർഗീസ് മത്തായി മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു.

പാസ്റ്റർമാരായ തോമസ് എബ്രഹാം, ചെറിയാൻ പി ചെറിയാൻ, ബേബി ഡാനിയേൽ, ജോസഫ് മാത്യു, പി. സി. ചാണ്ടി, ജോൺ തോമസ്, രഞ്ജൻ ഫിലിപ്പ്, സണ്ണി മാത്യു, സാമൂവേൽ അലക്സാണ്ടർ, ജോർജ് കോശി, ജെയിംസ് എബ്രഹാം, ഡോ. കോശി വൈദ്യൻ എന്നിവരും മാത്യു സക്കറിയ, ജോർജ്കുട്ടി ഡാനിയേൽ,ബെൻജമിൻ തോമസ്,ജോൺ ചെറിയാൻ,മാത്യു പെരുമാൾ,അനിഷ വർഗീസ്, ശലോമി ചാന്ടി,ഷിനു വർഗീസ്,സൂസമ്മ ഏബ്രഹാം എന്നിവരും ആശംസാ പ്രസംഗങ്ങൾ നടത്തി.

സ്റ്റാൻലി ജോർജ് സ്വാഗതവും, സജി തട്ടയിൽ കൃതജ്ഞതയും പറഞ്ഞു.

# ചിക്കാഗോ മലയാളി അസോസിയേഷൻ 'നാഷണൽ സീനിയർസ് ഡേ' ആഘോഷം അതിഗംഭീരമായി



**ബിജു മുണ്ടക്കൽ**

ചിക്കാഗോ : ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള ' നാഷണൽ സീനിയർസ് ഡേ ' ആഘോഷം ബുധനാഴ്ച വൈകിട്ട് 4 മണിക്ക് മൌണ്ട് പ്രോസ്പെക്റ്റിലുള്ള ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടന്നു . .കാസർകോട് എം പി ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ പരിപാടി ഉദ്ഘാടനം ചെയ്തു .മുതിർന്ന അംഗങ്ങളുടെ കലാപരിപാടികൾ , മനോജ് അച്ചേട്ട് നയിച്ച ഡിജിറ്റൽ സ്കിൽസ് ക്ലാസ് എന്നിവയുൾപ്പെടെ ഉള്ള പരിപാടികളാണ് ആഘോഷത്തോടനുബന്ധിച്ച് നടന്നു . പ്രസിഡന്റ് ജെസ്സി റിൻസി അധ്യക്ഷയായിരുന്ന യോഗത്തിൽ മുഖ്യ കോർഡിനേറ്ററായ വർഗീസ് തോമസ് ,കോഓർഡിനേറ്റർമാരായ ഫിലിപ്പ് ലൂക്കോസ് , തോമസ് വിൻസെന്റ് എന്നിവർ സംസാരിച്ചു .

'മുതിർന്നവർ നമ്മുടെ സമൂഹത്തിന്റെ വഴികാട്ടികളും ജീവിതാനുഭവങ്ങളുടെ ഭണ്ഡാരങ്ങളും ആണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു. അവർ നേടിയിട്ടുള്ള അറിവും ജീവിത പാഠങ്ങളും പുതിയ തലമുറയ്ക്ക് ദീപസ്തംഭം പോലെ വഴി തെളിച്ചുകൊണ്ടിരിക്കുന്നു.വിദ്യാർത്ഥി ജീവിതത്തിലോ സംഘടനാപരമായ പ്രവർത്തനങ്ങളിലോ സീനിയർമാർ വെറുതെ മുന്നോട്ട് പോയവരല്ല, അവർ നമ്മെ കൈപിടിച്ചുയർത്തുന്ന വഴി കാട്ടികളും ഗുരുക്കന്മാരുമാണ്. അവരുടെ അനുഭവങ്ങളിൽ നിന്ന് നമുക്ക് ആത്മവിശ്വാസവും മാർഗ്ഗദർശനവും ലഭിക്കുന്നു.

സീനിയർ ആയിരിക്കുക എന്നത് ഒരു അലങ്കാരമല്ല , അത് ഉത്തരവാദിത്വവും പ്രചോദനവുമാണ്. സ്വന്തം അനുഭവങ്ങൾ പങ്കുവെച്ച് മറ്റുള്ളവരെ മുന്നോട്ട് കൊണ്ടുപോകുമ്പോഴാണ് സീനിയറുകളുടെ മഹത്വം പൂർത്തിയാകുന്നത്.ഈ സീനിയേഴ്സ് ഡേയിൽ -യിൽ, എല്ലാ സീനിയർമാർക്കും ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു.' എന്ന് തന്റെ ദീർഘമായ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു .

മലയാളി അസോസിയേഷന്റെ

ഒരു അഭിമാന പ്രൊജക്റ്റ് ആയ ‘മലയാളി സെൻസസ് 2025 ‘ ശ്രീ രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്തു .പ്രോജക്ടിന്റെ വിശദ വിവരങ്ങൾ പിന്നീട് പ്രഖ്യാപിക്കുമെന്ന് പ്രസിഡന്റ് ജെസ്സി റിൻസി യോഗത്തെ അറിയിച്ചു .പങ്കെടുത്തവർക്കെല്ലാം അവിസ്മരണീയമായ അനുഭവമായി ഇത്തവണത്തെ സീനിയർസ് ഡേ.









emalayalee.com

# ഐസിഇസിഎച്ച് പ്രഥമ പിക്കിൾബോൾ ടൂർണമെന്റ് ; സെന്റ് ജോസഫ്, സെന്റ് ജെയിംസ്, സെന്റ് തോമസ് ടീമുകൾ ജേതാക്കൾ



ജീമോൻ റാന്നി

ഹൂസ്റ്റൺ : അമേരിക്കയിലെ മലയാളി സമൂഹത്തിന് അത്ര പരിചയമില്ലാത്ത ഒരു ഗെയിം. ബാഡ്മിന്റന്റെയും ടെന്നിസിന്റെയും മറ്റൊരു വകഭേദമായ പിക്കിൾബോൾ ടൂർണമെന്റിനെ പ്രഥമ മത്സരത്തിൽ തന്നെ 25 ടീമുകളുടെ ഉജ്ജ്വല പോരാട്ടം

ആദ്യന്തം ആവേശം നിറഞ്ഞു നിന്ന പ്രഥമ ടൂർണമെന്റിൽ ഹുസ്റ്റൻ സെന്റ് ജോസഫ് സീറോ മലബാർ ചർച്ച്, സെൻറ് .ജെയിംസ് ക്നാനായ ചർച്ച്, സെന്റ്. തോമസ് സിഎസ് ഐ ചർച്ച് ടീമുകൾ ജേതാക്കളായി എവർ റോളിങ്ങ് ട്രോഫികളിൽ മുത്തമിട്ടു.,

എക്യൂമെനിക്കൽ ക്രിസ്ത്യൻ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺന്റെ (ICECH) ആഭിമുഖ്യത്തിലാണ് മത്സരങ്ങൾ നടന്നത്. ഓഗസ്റ്റ് 16, 17 (ശനി, ഞായർ തീയതികളിൽ ഹുസ്റ്റൻ ട്രിനിറ്റി സെന്ററിൽ വെച്ചു നടത്തപ്പെട്ട ടൂർണമെന്റ് ഐസിഇസിഎച് .പ്രസിഡന്റ് റവ.ഫാ. ഡോ .ഐസക് .ബി .പ്രകാശ് ഉദ്ഘടാനം ചെയ്തു. സെക്രട്ടറി ഷാജൻ ജോർജ് സ്വാഗതം ആശംസിച്ചു. ട്രിനിറ്റി മാർത്തോമാ ഇടവക വികാരി റവ.ജിജു എം ജേക്കബ് പ്രാരംഭ പ്രാർത്ഥന നടത്തി

വിവിധ വിഭാഗങ്ങളിൽ മത്സരങ്ങൾ നടത്തി. ഓപ്പൺ പുരുഷ വിഭാഗത്തിൽ ഹുസ്റ്റൻ സെന്റ് .ജോസഫ് സീറോ മലബാർ ചർച്ച് ഹുസ്റ്റൻ ട്രിനിറ്റി മാർത്തോമാ ചർച്ചിനെ 11-6,11-6. പോയിന്റിൽ പരാജയപെടുത്തി.



ഓപ്പൺ വനിതാ വിഭാഗത്തിൽ ഹുസ്റ്റൻ സെന്റ്. ജെയിംസ് ക്നാനായ ചർച് ട്രിനിറ്റി മാർത്തോമാ ചർച്ചിനെ 11-8,7-11,11-8 പോയിന്റിൽ പരാജയപ്പെടുത്തി.

ഞായറാഴ്ച്ച നടന്ന സീനിയർസ് വിഭാഗത്തിൽ ഹുസ്റ്റൻ സെന്റ് .തോമസ് സി. എസ്. ഐ ചർച്ച് ട്രിനിറ്റി മാർത്തോമാ ചർച്ചിനെയും 11-8,11-9 പോയിന്റിൽ പരാജയപ്പെടുത്തി.

വനിതാ വിഭാഗം MVP (മെറിൽ സക്കറിയ സെന്റ് ജെയിംസ് ക്നാനായ)

മെൻസ് ഓപ്പൺ MVP (ലാൻസ് പ്രിൻസ് - സെന്റ് ജോസഫ് സിറോ മലബാർ)

സീനിയർസ് (55 വയസ്സിനു മുകളിൽ) -

സുനിൽ പുളിമൂട്ടിൽ (സെന്റ് തോമസ് സി എസ്ഐ)

മോസ്റ്റ് സീനിയർ പ്ലയെർ - (എംസി ചാക്കോ - ട്രിനിറ്റി മാർത്തോമാ)

വനിതാ റൈസിംഗ് സ്റ്റാർ (ഡിയ ജോർജ് - ട്രിനിറ്റി മാർത്തോമാ)

മെൻസ് റൈസിംഗ് സ്റ്റാർ (അനിത് ഫിലിപ്പ് - ട്രിനിറ്റി മാർത്തോമാ -

ഞായറാഴ്ച്ച വൈകുന്നരം നടന്ന സമ്മാനദാന ചടങ്ങിൽ വിജയികൾക്കു സ്റ്റാഫ് ഫോർഡ് സിറ്റി മേയർ കെൻ മാത്യു ട്രോഫികൾ നൽകി.



മിസ്സോറി സിറ്റി. മേയർ റോബിൻ ഇലക്കാട്ടു, ഫോർട്ട് ബെൻഡ് കൗണ്ടി ഡിസ്ട്രിക്ക്ട് ജഡ്ജ് സുരേന്ദ്രൻ പട്ടേൽ എന്നിവർ മുഖ്യ അഥിതികളായി സംബന്ധിച്ചു .

വിജയികൾക്കു ഫാൻസിമോൾ പള്ളാത്തുമഠം സ്പോൺസർ ചെയ്ത ട്രോഫി (മെൻസ് ഓപ്പൺ ചാംപ്യൻഷിപ്), മണ്ണിൽ ഉമ്മൻ ജോർജ് മെമ്മോറിയൽ ട്രോഫി (മെൻസ് സീനിയേർസ്), അപ്ന ബസാർ ട്രോഫി (വിമൺസ്, ഐസിഇ.സിഎച് വക ട്രോ ഫികളും നൽകി. ടൂർണമെന്റിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയ റജി കോട്ടയം, അനിത് ഫിലിപ്പ് എന്നിവരെ പ്രത്യേക മെമെന്റോകൾ നൽകി ആദരിച്ചു.

ഐസിഇസിഎച് വൈസ് പ്രസിഡണ്ട് റവ. ഫാ.രാജേഷ് കെ ജോൺ, സെക്രട്ടറി ഷാജൻ ജോർജ്, സ്പോർട്സ് കൺവീനർ റവ. ജീവൻ ജോൺ, സ്പോർട്സ് കോ ഓർഡിനേറ്റർ റെജി കോട്ടയം ട്രഷറർ രാജൻ അങ്ങാടിയിൽ ഐസിഇസിഎച്. പിആർഓ. ജോൺസൻ ഉമ്മൻ. പ്രോഗ്രാം കോർഡിനേറ്റർ ഫാൻസിമോൾ പള്ളാത്തുമഠം, നൈനാൻ വീട്ടീനാൽ , ബിജു ചാലക്കൽ, അനിത് ജോർജ് ഫിലിപ്പ്, ബാബു കലീന (ഫോട്ടോഗ്രാഫി) എന്നിവർ നേതൃത്വം നൽകി.

ഫാൻസിമോൾ പള്ളാത്തുമഠം നന്ദി അറിയിച്ചു.









INDIAN CHRISTIAN ECUMEN
MMUNITY OF HOUSTON
COURT 2


OF HOUSTON (ICECH)


INDIAN CHRISTIAN ECUMENICAL COMMUNITY
STON (ICECH)
COURT 2




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസ് ഓണാഘോഷം ഹൃദ്യമായി

ടാമ്പാ: വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രോവിൻസിന്റെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ തികച്ചും ഹൃദ്യമായി. സ്നേഹസാന്ദ്രമായ കുടുംബാന്തരീക്ഷത്തിൽ അരങ്ങേറിയ ഈ സന്തോഷ സായാഹനത്തിൽ, അമേരിക്കയിലെ വിവിധ സാമൂഹ്യ, സാംസ്കാരിക, സാമുദായിക പ്രതിനിധികൾ പങ്കെടുത്തു.

ഓഗസ്റ്റ് 16-ന് ജോൺമൂർ റോഡ് കമ്യൂണിറ്റി സെന്ററിന്റെ വിശാലമായ ഗ്രൗണ്ടിലും ഹാളിലുമായി വൈവിധ്യമാർന്ന കലാപരിപാടികളോടും, വിഭവസമൃദ്ധമായ ഓണസദ്യയോടുംകൂടി സംഘടിപ്പിച്ച ഈ പരിപാടി പങ്കെടുത്ത കുട്ടികൾക്കും യുവാക്കൾക്കും, മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യകരമായി.

ഉയർന്ന മരക്കൊമ്പിൽ ഒരുക്കിയ ഊഞ്ഞാൽ, വർണ്ണശബളമായ പൂക്കളം, തിരുവാതിര നൃത്തം തുടങ്ങിയവ ഏവരിലും ഗൃഹാതുരത്വം ഉളവാക്കി.

എം.സിയായി പ്രവർത്തിച്ച സെക്രട്ടറി അഞ്ജലി നായർ വിശിഷ്ടാതിഥികളേയും സദസ്യരേയും പൊതുസമ്മേളനത്തിലേക്ക് ക്ഷണിച്ചു.

തുടർന്ന് നടന്ന നിലവിളക്ക് കൊളുത്തൽ ചടങ്ങിൽ സീനിയർ മെമ്പർ മിസ്സിസ് ലീലാമ്മ ബേബി, ബ്ളസൻ മണ്ണിൽ (അമേരിക്കൻ റീജിയൻ പ്രസിഡന്റ്), സോണിയാ തോമസ് (വൈസ് ചെയർ), രാജു മൈലപ്രാ (മീഡിയാ ചെയർ), കാരളിൻ ബ്ളസൻ (ഫ്ളോറിഡ പ്രസിഡന്റ്), ബിജു തോണിക്കടവിൽ (ഫോമാ മുൻ ജനറൽ സെക്രട്ടറി), അഞ്ജലി നായർ (സെക്രട്ടറി), ദീപക് സതീഷ് (ട്രഷറർ), സിദ്ധാർത്ഥ് (ബിസിനസ് ഫോറം), ബേബി സെബാസ്റ്റിയൻ (പ്രൈം പ്രോവിൻസ് സ്ഥാപക നേതാവ്) എന്നിവർ പങ്കെടുത്തു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ് ബ്ളസൻ മണ്ണി



ലിന്റെ ആമുഖ പ്രസംഗത്തിൽ വേൾഡ് മലയാളി കൗൺസിലിന്റെ ജനോപകാരപ്രദമായ പരിപാടികളെക്കുറിച്ച് ഒരു ചെറിയ വിവരണം നൽകി. പ്രശസ്ത സാഹിത്യകാരൻ രാജു മൈലപ്രാ ഓണസന്ദേശം നൽകി. ഫോമാ മുൻ ജനറൽ സെക്രട്ടറി ബിജു തോണിക്കടവിൽ, ദീപക് സതീഷ് എന്നിവർ ഓണാശംസകൾ നേർന്നു.

ഫ്ളോറിഡ പ്രോവിൻസ് പ്രസിഡന്റ് കരോളിൻ ബ്ളസൻ പ്രോവിൻസിന്റെ ഭാവി പരിപാടികളെക്കുറിച്ച് ഒരു വിവരണം നൽകി. ആഘോഷങ്ങളിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.

ശീതൾ തോമസിന്റെ ഗാനാലാപനം ഹൃദ്യമായി. തുടർന്ന് ‘ഹോം മെയ്ഡ്‘ വിഭവങ്ങളോടുകൂടിയ രുചികരമായ തനി നാടൻ ശൈലിയിലുള്ള ഓണസദ്യ വിളമ്പി.

ഓണസദ്യയ്ക്കുശേഷം നടത്തപ്പെട്ട അന്താക്ഷരി, അക്ഷരയുദ്ധം, ഫോട്ടോ ഷൂട്ട്, മധുര വെറ്റില മുറുക്കാൻ തുടങ്ങിയ പരിപാടികൾ ആഘോഷങ്ങൾക്ക് മിഴിവേകി.

തികച്ചും കുടുംബാന്തരീക്ഷത്തിൽ നടത്തപ്പെട്ട ഈ ഓണാഘോഷ പരിപാടികളിൽ ആദ്യാവസാനം വരെ ആഹ്ളാദത്തോടെ പങ്കെടുത്തവർ, സംഘാടകരോടുള്ള നന്ദിയും സ്നേഹവും അറിയിച്ചു.














# ഗോൾഡൻ ജൂബിലി സുവനീർ വിതരണോദ്ഘാടനം രാജ്മോഹൻ ഉണ്ണിത്താൻ നിർവ്വഹിച്ചു




ജോഷി വള്ളിക്കളം

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷൻ 50-ാം വാർഷികത്തോടനുബന്ധിച്ചുള്ള സുവനീർ വിതരണോദ്ഘാടനം രാജ്മോഹൻ ഉണ്ണിത്താൻ നിർവ്വഹിച്ചു.

ഷിക്കാഗോ മലയാളി അസോസിയേഷന്റെ 1972 മുതൽ 2022 വരെയുള്ള ചരിത്രം ഉൾക്കൊള്ളുന്ന അതിബൃഹത്തായ ഒരു സുവനീറാണ്. ഇതിന്റെ ആദ്യ കോപ്പ് രാജ്മോഹൻ ഉണ്ണിത്താൻ, എം.പി. -ജോഷി വള്ളിക്കള(മുൻ പ്രസിഡന്റ്)ത്തിൽ നിന്നും സ്വീകരിച്ച് ജെസ്സി റിൻസിക്ക് (പ്രസിഡന്റ്) നൽകി വിതരണോദ്ഘാടനം നിർവ്വഹിച്ചു. അസോസിയേഷന്റെ ചരിത്രത്തിൽ ആദ്യമായി ഇറങ്ങുന്ന ഈ സുവനീർ അസോസിയേഷൻ അംഗങ്ങളുടെയും മറ്റുള്ളവരുടെയും മുക്തകണ്ഠ പ്രശംസ പിടിച്ചു പറ്റി.

ചടങ്ങിൽ ജെസ്സി റിൻസി(പ്രസിഡന്റ്), ആൽവിൻ ഷിക്കൂർ(സെക്രട്ടറി), മനോജ് അച്ചേട്ട്(ട്രഷറർ), ഫിലിപ്പ് പുത്തൻപുര(വൈസ് പ്രസിഡന്റ്), ഡോ. സിബിൾ ഫിലിപ്പ്(ജോ.ട്രഷറർ), ബോർഡംഗങ്ങളായ സന്തോഷ് വർഗീസ്, ബിജു മുണ്ടയ്ക്കൽ, ജെയ്സൺ, തോമസ് വിൻസ്റ്, സജി തോമസ്, ഷൈനി ഹരിദാസ്, മോനി വർഗീസ്, ഡോ. സൂസൻ ചാക്കോ, ജോൺസൺ കണ്ണൂക്കാടൻ(കൺവെൻഷൻ ഫിനാൻസ് ചെയർമാൻ), ജൂബി വള്ളിക്കളം(കൺവെൻഷൻ കോ-കൺവീനർ), ജോയി വാച്ചാച്ചിറ(മുൻ പ്രസിഡന്റ്), തോമസ് മാത്യു(കൺവെൻഷൻ എക്സിക്യൂട്ടീവ് അംഗം), ജോർജ് ജോസഫ് കൊട്ടൂകാപ്പള്ളി(സുവനീർ കമ്മറ്റിയംഗം), മോന വർഗീസ്, മാത്യൂ ഫിലിപ്പ്(മുൻ പ്രസിഡന്റ്), തോമസ് കോഴഞ്ചേരി എന്നിവർ സന്നിഹതരായിരുന്നു. സുവനീർ അസോസിയേഷൻ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും, ബോർഡംഗങ്ങൾക്കും മറ്റു ബന്ധപ്പെട്ടവർക്കും ലഭ്യമാണ്. ഇതിലേക്കായി ജോഷി വള്ളിക്കളം(മുൻ പ്രസിഡന്റ്)-312 685 6749 ബന്ധപ്പെടാവുന്നതാണ്.




THE MALAYALEE ASSOCIATION OF CHICAGO
മലയാളി അസോസിയേഷൻ


മലയാളി അസോസിയേഷൻ




THE MALAYALEE ASSOCIATION OF CHICAGO
മലയാളി അസോസിയേഷൻ


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# പുതുതലമുറ എൻജിനിയർമാരെ തുണക്കാൻ 'കീൻ' എൻഗേജ് 25; ടെക് നൈറ്റ് ഒക്ടോബർ 18 ന്



ന്യൂജേഴ്സി: കേരള എഞ്ചിനീയർസ് ഓഫ് നോർത്ത് അമേരിക്ക (KEAN) സംഘടിപ്പിച്ച ENGAGE 2025 വ്യത്യസ്തതകൊണ്ട് ശ്രദ്ധ നേടി. ന്യൂജേഴ്സിയിലെ ഷെറാട്ടൺ എഡിസണിൽ ഓഗസ്റ്റ് 17നാണ് പരിപാടി നടന്നത്.

എംപവറിങ് നെക്സ്റ്റ് ജെൻ ആസ്പിറന്റ് ഫോർ ഗ്രോത്ത് ആൻഡ് എക്സ്പ്ലൊറേഷൻ എന്നതിന്റെ ചുരുക്കപ്പേരാണ് ENGAGE. പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ പുതുതലമുറയിൽ നിന്ന് എഞ്ചിനീയറിംഗ് രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ ശാക്തീകരണവും വളർച്ചയുമാണ് ഈ പരിപാടികൊണ്ട് ലക്ഷ്യം വച്ചതെന്ന് KEAN പ്രസിഡന്റ് നീന സുധീർ പറഞ്ഞു. ഈ മേഖലയിൽ ഇന്നുള്ള വെല്ലുവിളികളെ നേരിടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിലാണ് 5 ആഴ്ചത്തെ എഞ്ചിനീയറിംഗ് സോൾവിങ് പ്രോഗ്രാം രൂപകൽപ്പന ചെയ്തതെന്ന് ENGAGE 2025 പ്രോഗ്രാം ഡയറക്ടർ ഡോ. സിന്ധു സുരേഷ് പറഞ്ഞു.

പ്രോഗ്രാം കോർഡിനേറ്റർമാരായ ഫ്ലാവിയ ഡിസൂസയുടെയും ടീന സുരേന്ദ്രന്റെയും പ്രയത്നത്തിന്റെ ഫലമായാണ് ഈ പ്രോഗ്രാം നിശ്ചിതസമയത്തിൽ പൂർത്തീകരിക്കാൻ സാധിച്ചത്.

ഡോ. നൂറി രാജ്വംശി (എൻവയോൺമെന്റൽ സസ്റ്റെയ്നബിലിറ്റി പ്രോഗ്രാം മാനേജർ, എച്ച്പിഇ ഓപ്പറേഷൻസ്) ഗാർഹിക ഉൽപ്പന്നങ്ങളുടെ സുസ്ഥിരതയെക്കുറിച്ച് ക്ലാസ് എടുത്തു.



പ്രദ്ന്യ ജോഗ്ലേക്കർ (പ്രിൻസ്റ്റൺ സർവകലാശാലയിലെ എക്സിക്യൂട്ടീവ് ഡയറക്ടർ) എഐ- പവർഡ് പാക്കേജ് ഡെലിവറി, ഓർഗനൈസേഷൻ സിസ്റ്റം എന്നിവയെക്കുറിച്ചാണ് വിവരിച്ചത്.

ഹേമന്ത് വോറ (ഐഇഇഇ പ്രിൻസ്റ്റൺ ചാപ്റ്റർ ഹെഡ്) സ്മാർട്ട് മീറ്റർ എന്ന വിഷയത്തിൽ അദ്ദേഹത്തിന്റെ ആധികാരികമായ അറിവ് പങ്കുവച്ചു.

ലാജി ജോർജ് (പ്രസിഡന്റ്, ഇഎൻഎൽ മെക്കാനിക്കൽ ഇൻകോർപ്പറേറ്റഡ്) വാണിജ്യ കെട്ടിടങ്ങളിൽ ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കുന്നതിനെപ്പറ്റിയാണ് ക്ലാസ് എടുത്തത്.17 വിദ്യാർത്ഥികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

KEAN ടെക് നൈറ്റിന്റെ ലോഞ്ചും അനുബന്ധമായി നടന്നു. ഗ്രാൻഡ് സ്പോൺസർമാരായ സ്പെക്ട്രം ഓട്ടോയുടെ പ്രിൻസ് ബേബി, ബിനു ബേബി, സഹ സ്പോൺസർമാരായ ദിലീപ് വർഗീസ് (പ്രസിഡന്റ്, ഡി & കെ കൺസ്ട്രക്ഷൻ), മധു രാജൻ (സിഇഒ, കിംഗ് ബിൽഡേഴ്സ്), സുധീർ നമ്പ്യാർ (സീനിയർ ഡയറക്ടർ, ഓപ്പൺഹൈമർ, ന്യൂയോർക്ക്) എന്നിവർ ടെക് നൈറ്റിന്റെ ലോഞ്ചിൽ പങ്കെടുത്തു.

അമേരിക്കയിൽ എഞ്ചിനീയറിംഗ് രംഗത്തുള്ളവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും തമ്മിൽ ബന്ധപ്പെടാൻ മികച്ച അവസരം നൽകുന്ന പ്രത്യേക പരിപാടിയാണ് കെഇഎഎൻ ടെക് നൈറ്റ്. 300 പേർക്ക് ഇതിൽ ഭാഗമാകാം. ഒക്ടോബർ 18, വൈകുന്നേരം 5 മണിക്ക് ന്യൂജേഴ്സിയിലെ ഫോർഡ്സിലുള്ള റോയൽ ആൽബർട്ട്സ് പാലസിൽ നടക്കുന്ന ടെക് നൈറ്റിൽ പങ്കെടുക്കാനുള്ള ടിക്കറ്റുകളുടെ ബുക്കിങ് ആരംഭിച്ചുകഴിഞ്ഞു.




KEAN
Kerala Engineering Graduates
Association of Northeast America Inc.
(A non-profit organization)



KEAN
keanusa.org
Kerala Engineering Graduates
(A non-profit organization)




KEAN
keanusa.org




KEAN
keanusa.org
Kerala Engineering Graduates
Association of Northeast America Inc.
(A non-profit organization)



the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere



# ആരോഗ്യമുള്ള കുട്ടികൾ, മികച്ച ഭാവി



ബാലസമാജം

ഡോ. ആനി പോൾ

'ഇന്നത്തെ കുട്ടികളാണ് നാളെയുടെ പൗരന്മാർ' എന്നത് ഒരു പഴമയുള്ള പറച്ചിലായാലും അതിന്റെ പ്രസക്തി ഇന്നും നിലനില്ക്കുന്നു. ഒരു സമൂഹത്തിന്റെ പുരോഗതിയുടെയും ഉണരുവായ ഭാവിയുടെയും അടിസ്ഥാനം ആരോഗ്യവാൻമാരായ കുട്ടികളാണ്. ശരീരപരവും മാനസികപരവുമായ ആരോഗ്യമാണ് കുട്ടികളുടെ സമഗ്രവികസനത്തിന് വഴിയൊരുക്കുന്നത്.നല്ല ശാരീരികവും മാനസികവുമായ ആരോഗ്യം കുട്ടികൾക്കും യുവാക്കൾക്കും ആജീവനാന്ത നേട്ടങ്ങൾ നൽകുന്നു. കുട്ടികളുടെ ആരോഗ്യം, സുരക്ഷ എന്നിവയെ മുൻനിർത്തിയുള്ള പ്രോഗ്രാമുകൾ സ്കൂളുകളിലും പരിസരങ്ങളിലും, ബാല്യകാല വിദ്യാഭ്യാസ പരിപാടികളിലും നടപ്പാക്കുന്നത് അവരുടെ ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമാണ്. ഒരു സംസ്ഥാനം, ഒരു രാജ്യത്തിന്റെ വികസനം കുട്ടികളുടെ വളർച്ചയുടെയും പുരോഗതിയുടെയും മേൽ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ, കുട്ടികൾക്ക് ആരോഗ്യകരമായ ഭാവി ഒരുക്കുക എന്നത് സമുഹത്തിന്റെ സുപ്രധാന ഉത്തരവാദിത്വമാണ്. ആരോഗ്യകരമായ ശീലങ്ങൾ വളർത്തിയെടുക്കുന്നതിലൂടെയും ആകർഷകമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും, ജീവിതകാലം മുഴുവൻ ആരോഗ്യത്തിലേക്കുള്ള പാതയിലേക്ക് നമുക്ക് അവരെ നയിക്കാൻ കഴിയും.കുട്ടികളിലും കൗമാരക്കാരിലും ശരീരാരോഗ്യവും മാനസികാരോഗ്യവും പ്രോത്സാഹിപ്പിക്കുകയാണ് ''ഹെൽത്തി പീപ്പിൾ 2030'' എന്ന പ്രോഗ്രാമിന്റെ ലക്ഷ്യം.

“”Early childhood development

strongly influences health, well-being, and learning in school, and later success in life.", World Health Organization. 'ബാല്യകാല വികസനം ആരോഗ്യത്തിലും, സുഖവാസത്തിലും, സ്കൂളിലെ പഠനത്തിലും, അതിനുശേഷമുള്ള ജീവിത വിജയത്തിലും ശക്തമായി സ്വാധീനിക്കുന്നു.'' എന്നാണ് ലോകാരോഗ്യ സംഘടന (World Health Organization പറയുന്നത്. ജീവിതത്തിലെ ആദ്യകാല അനുഭവങ്ങളും പരിസ്ഥിതിയും കുട്ടികളുടെ ഭാവിയെ വിവിധ വകകളിൽ നിർണ്ണയിക്കുന്നതിൽ വൻ സ്വാധീനം ചെലുത്തുന്നു. അതിനാൽ, കുട്ടികളുടെ ആരോഗ്യം പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

## ശ്രദ്ധിക്കേണ്ട ആരോഗ്യ ശീലങ്ങൾ

### പോഷക സമൃദ്ധമായ ഭക്ഷണം

ആരോഗ്യത്തിന് ശരിയായ ആഹാരം അടിസ്ഥാനം ആണ്. മുതിർന്നവർക്കുള്ള പോഷകാഹാരത്തിന്റെ അതേ ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് കുട്ടികൾക്കുള്ള പോഷകാഹാരം. വിറ്റാമിനുകൾ, ധാതുക്കൾ, കാർബോഹൈഡ്രേറ്റുകൾ, പ്രോട്ടീൻ, കൊഴുപ്പ് തുടങ്ങിയ ഒരേ തരത്തിലുള്ള കാര്യങ്ങൾ എല്ലാവർക്കും ആവശ്യമാണ്. ഇവയെ പോഷകങ്ങൾ എന്ന് വിളിക്കുന്നു. വ്യത്യസ്ത പ്രായത്തിലുള്ള കുട്ടികൾക്ക് വ്യത്യസ്ത അളവിലുള്ള പ്രത്യേക പോഷകങ്ങൾ ആവശ്യമാണ്.ഒരു കുട്ടിയുടെ വളർച്ചയ്ക്കും വികാസത്തിനും ഏറ്റവും അനുയോജ്യമായ ഭക്ഷണക്രമം കുട്ടിയുടെ പ്രായം, പ്രവർത്തന നിലവാരം, മറ്റ് സവിശേഷതകൾ എന്നിവ പരിഗണിക്കുന്നു. പോഷകാഹാരമുള്ള ഭക്ഷണം കുട്ടികളുടെ പ്രതിരോധശേഷിയും പഠനശേഷിയും മെച്ചപ്പെടുത്തുന്നു.

""Investing in children's health today is investing in a stronger, healthier tomorrow."

- Journal of Pediatrics and Child Health.

'ഇന്ന് കുട്ടികളുടെ ആരോഗ്യത്തിൽ നിക്ഷേപിക്കുന്നത് ഒരു ശക്തിയും ആരോഗ്യകരവുമായ നാളെയിലേക്കുള്ള നിക്ഷേപമാണെന്ന് Journal of Pediatrics and Child Health പറയുന്നു.'' നല്ല ആരോഗ്യമുള്ള കുട്ടികൾ ശേഷിയുള്ള പൗരന്മാരായി വളരുകയും അത് സമൂഹത്തിനും രാജ്യത്തിനും മികച്ചതാണ്.



### കായിക വിനോദത്തിന്റെ പ്രാധാന്യം

സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ (CDC) നൽകുന്ന റിപ്പോർട്ട് പ്രകാരം, പതിവായി ശാരീരികമായി സജീവരായ കുട്ടികൾക്ക് കാർഡിയോ റെസ്പിറ്ററി ഫിറ്റ്നസ് നിലനിർത്താൻ, ശക്തമായ അസ്ഥികളും പേശികളും വളർത്താൻ, ശരീരഭാരം നിയന്ത്രിക്കാൻ എന്നിങ്ങനെ പല തരം ഗുണഫലങ്ങൾ ലഭിക്കുന്നു. കൂടാതെ, ഹൃദ്രോഗം, കാൻസർ, ടൈപ്പ് 2 പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, പൊണ്ണത്തടി തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതയും ഇത് കുറയ്ക്കുന്നു.

ഇന്നത്തെ ടെക്നോളജി ആധാരിത ലോകത്ത്, മൊബൈൽ ഫോണുകൾ, ടിവികൾ, ടാബ്‌ലറ്റുകൾ തുടങ്ങിയവയിൽ കുട്ടികൾ കൂടുതൽ സമയം ചെലവഴിക്കുന്നത് ഒരു സാദ്ധ്യതയാണെങ്കിലും, ഇവയ്ക്ക് പകരമായി കായിക വിനോദങ്ങളിൽ പങ്കാളികളാവുന്നത് കുട്ടികളുടെ ആരോഗ്യത്തിനും മാനസിക വികസനത്തിനും വളരെ ഗുണകരമാണ്.

ഓട്ടം, ചാടൽ, ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ തുടങ്ങി വിവിധ കളികൾ കുട്ടികളുടെ ശരീരവികസനത്തെയും മാനസിക ഊർജ്ജവൃദ്ധിയെയും ഉത്കൃഷ്ടമാക്കുന്നു. പഠനത്തിനൊപ്പം കായിക വിനോദങ്ങൾ ഉൾപ്പെടുത്തുന്നത് കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും ഉത്സാഹത്തിനും സഹായകമാണ്. എങ്കിലും, കുട്ടികൾ കളിക്കുന്നത് സുരക്ഷിതമായ സ്ഥലങ്ങളിലാകണം. മാതാപിതാക്കളും അധ്യാപകരും കളിസ്ഥലങ്ങളുടെ സുരക്ഷിതത്വം പരിശോധിച്ച് ഉറപ്പാക്കുന്നതാണ് നല്ലത്. സുരക്ഷിതമായ പരിസ്ഥിതിയിൽ



**ഓട്ടം, ചാടൽ, ഫുട്ബോൾ, ക്രിക്കറ്റ്, ബാസ്കറ്റ്ബോൾ തുടങ്ങി വിവിധ കളികൾ കുട്ടികളുടെ ശരീരവികസനത്തെയും മാനസിക ഊർജ്ജവൃദ്ധിയെയും ഉത്കൃഷ്ടമാക്കുന്നു. പഠനത്തിനൊപ്പം കായിക വിനോദങ്ങൾ ഉൾപ്പെടുത്തുന്നത് കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയ്ക്കും ഉത്സാഹത്തിനും സഹായകമാണ്.**


കുട്ടികൾ ഭയമില്ലാതെ, ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും കളിക്കാനും വളരാനും കഴിയുന്നതാണ്.


## മാനസികാരോഗ്യ സംരക്ഷണം

നല്ല ക്ഷേമവും മാനസികാരോഗ്യവും അനുഭവിക്കുന്ന കുട്ടികൾക്ക് നല്ല ജീവിത നിലവാരം ഉണ്ടായിരിക്കുകയും വീട്ടിലും, സ്കൂളിലും, സമപ്രായക്കാരോടൊപ്പവും, അവരുടെ സമൂഹത്തിലും നന്നായി പ്രവർത്തിക്കാൻ കഴിയുകയും ചെയ്യും.നിങ്ങളുടെ ശാരീരിക ആരോഗ്യം നന്നായി പരിപാലിക്കുന്നത് നിങ്ങളുടെ മാനസികാരോഗ്യത്തിലും ക്ഷേമത്തിലും നല്ല സ്വാധീനം ചെലുത്തുമെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. മനസ്സിന്റെ ശാന്തിയും സമതുലിതാവസ്ഥയും നിലനിർത്തുക മാനസികാരോഗ്യത്തിന്റെ ലക്ഷ്യമാണ്. ക്ഷോഭം, സമ്മർദം, വിഷാദം, ഭയം തുടങ്ങിയവയെ വിജയകരമായി നേരിടാനാകുന്ന അവസ്ഥയാണ് മാനസികാരോഗ്യം. കുട്ടികളുടെ മനസും ശരീരത്തിനുപോലെ സംരക്ഷിക്കപ്പെടേണ്ടതാണ്. പഠന സമ്മർദം, കുടുംബ പ്രശ്നങ്ങൾ, സോഷ്യൽ മീഡിയ എന്നിവ കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിക്കുന്നു. JAMA Pediatrics-ൽ പ്രസിദ്ധീകരിച്ച പഠനപ്രകാരം 3–17 വയസ്സുള്ള കുട്ടികളിൽ ഉത്കണ്ഠയും വിഷാദവും കഴിഞ്ഞ അഞ്ചുവർഷത്തിനിടെ വർധിച്ചിരിക്കുന്നു. ഇത് മാനസികാരോഗ്യത്തിന് വേണ്ടിയുള്ള ശ്രദ്ധയുടെ അത്യാവശ്യകത കാണിക്കുന്നു. മാനസികാരോഗ്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തി തുറന്ന ചർച്ചകൾ നടത്തണം. പ്രശ്നങ്ങൾക്ക് പ്രതിവിധികൾ ഉണ്ട് എന്ന് അറിഞ്ഞ് സഹായ മാർഗങ്ങൾ തേടണം.

## വ്യായാമവും ഉറക്കവും

ഉറക്കവും അനിവാര്യമാണ്. ചെറുപ്പത്തിൽ നന്നായി ആരോഗ്യശീലങ്ങൾ വളർത്തുന്നത് ഭാവിയിൽ ആരോഗ്യകരമായ ജീവിതത്തിന് വഴിയൊരുക്കും. വ്യായാമം ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും രക്തസഞ്ചാരം മെച്ചപ്പെടുത്തുന്നു. ഓടൽ, ചാടൽ, ബോൾ കളികൾ, സൈക്കിൾ ഓടിക്കൽ തുടങ്ങിയവ മനസ്സും ശരീരവും ഉല്ലാസഭരിതമാക്കുന്നു. ദിവസവും കുറഞ്ഞത് അരമണിക്കൂർ വ്യായാമം നടത്തുന്നത് നല്ലതാണ്. ഉറക്കം ശരീരത്തിനും മനസ്സിനും ആവശ്യമായ വിശ്രമമാണ്. കുട്ടികൾക്ക് ശരിയായ ഉറക്കമില്ലെങ്കിൽ ആരോഗ്യപ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകാം. സംഘടിത ജീവിതത്തിനും നല്ല ആരോഗ്യത്തിനും, പഠനക്ഷമതയ്ക്കും വ്യായാമവും ഉറക്കവും അനിവാര്യമാണ്. കുട്ടികൾ ദിവസവും കളിക്കാനും മതിയായ സമയം ഉറങ്ങാനും ശ്രദ്ധിക്കണം. ആരോഗ്യം നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ ധനസമ്പത്ത് ആണ്. നന്നായി ഉറങ്ങിയാൽ തലച്ചോറിന്റെ ആരോഗ്യം മെച്ചപ്പെടുകയും വിട്ടുമാറാത്ത രോഗങ്ങളുടെയും വിഷാദത്തിന്റെയും സാധ്യത കുറയുകയും ചെയ്യുമെന്ന് പഠനങ്ങൾ കാണിക്കുന്നു. ആരോഗ്യകരമായ ശീലങ്ങൾ ബാല്യത്തിൽ നിന്നും തുടങ്ങണം ഓരോ ദിവസവും ആഹ്ലാദത്തോടെ കളിക്കൂ, ശരീരത്തിനും മനസ്സിനും വിശ്രമം






നൽകൂ, ആരോഗ്യം നിറഞ്ഞ ജീവിതം നയിക്കൂ.

### വിദ്യാഭ്യാസത്തിന്റെ പങ്ക്

വിദ്യാഭ്യാസം കുട്ടികളുടെ സമഗ്ര വളർച്ചയ്ക്ക് വഴികാട്ടിയാണ്. ആരോഗ്യവാനായ കുട്ടികളായി വളരാൻ വിദ്യാഭ്യാസം നിർണായകമാണ്. ആരോഗ്യ സംബന്ധിയായ വിവരങ്ങളെക്കുറിച്ചുള്ള അറിവ് വിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നു, കുടുംബങ്ങൾക്ക് പോഷകാഹാരം, ശാരീരിക പ്രവർത്തനങ്ങൾ, പ്രതിരോധ പരിചരണം എന്നിവയെക്കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തമാക്കുന്നു.

രോഗലക്ഷണങ്ങൾ തിരിച്ചറിയാനും എപ്പോൾ വൈദ്യസഹായം തേടണമെന്ന് മനസ്സിലാക്കാനും ഇത് കുട്ടികളെ സഹായിക്കുന്നു.ശാരീരികം, മാനസികം, സാമൂഹികം, ബൗദ്ധികം എന്നിവയിൽ വിദ്യാഭ്യാസം കുട്ടികളെ പക്വരാക്കുന്നു. ജീവിതം മനോഹരമാക്കാനുള്ള അറിവും മൂല്യങ്ങളും കുട്ടികൾക്ക് ലഭിക്കുന്നതും വിദ്യാഭ്യാസത്തിലൂടെയാണ്. സ്കൂൾ തലത്തിൽ ആരോഗ്യബോധവത്കരണം (health education) ഉൾപ്പെടുത്തണം പോഷകാഹാരം, ശുചിത്വം, രോഗങ്ങൾ, മാനസികാരോഗ്യം എന്നിവയെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നൽകണം. വിദ്യാഭ്യാസം ആരോഗ്യവാനായ തലമുറയെ നിർമ്മിക്കുന്ന അടിസ്ഥാനമാണ്. അതിനാൽ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എല്ലാവരുടേയും ഉത്തരവാദിത്വമാണ്.



### സമാപനം

കുട്ടികളുടെ ആരോഗ്യവും സമഗ്ര വളർച്ചയും ഒരു സമൂഹത്തിനും ഒരു രാജ്യത്തിനും അനിവാര്യമായതാണ്. നല്ല ആരോഗ്യമുള്ള കുട്ടികൾ മാത്രമേ നാളെ നമ്മുടെ സമൂഹത്തിനും രാഷ്ട്രത്തിനും ശക്തിയും സമൃദ്ധിയും കൈവരിക്കാൻ കഴിയു. കുട്ടികളുടെ ആരോഗ്യവും ഭാവിയും സംരക്ഷിക്കാൻ ഓരോരുത്തരും മാതാപിതാക്കളും, അധ്യാപകരും, സമൂഹ പ്രവർത്തകരും, സർക്കാർ സ്ഥാപനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. കുട്ടികൾക്ക് ഭക്ഷണത്തിൽ പോഷക ഗുണങ്ങൾ നൽകുക, അവരുടെ മാനസികാരോഗ്യത്തിന് ഇടം നൽകുക, സുരക്ഷിതവും സുഖപ്രദവുമായ അന്തരീക്ഷം ഒരുക്കുക, വിദ്യാഭ്യാസത്തിലും കായിക പ്രവർത്തനങ്ങളിലും താല്പര്യം വളർത്തുക എന്നത് നമ്മുടെ ഏറ്റവും വലിയ നിക്ഷേപമാണ്. സ്ഥിരതയുള്ള പരിശ്രമങ്ങൾ കുട്ടികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും. നല്ല ആരോഗ്യമുള്ള കുട്ടികൾ ശേഷിയുള്ള പൗരന്മാരായി വളരുകയും അത് സമൂഹത്തിനും രാജ്യത്തിനും മികച്ചതാണ് ഒരു വ്യക്തിയുടെ ആരോഗ്യം മെച്ചപ്പെട്ടാൽ കുടുംബം മുഴുവനും അതിന്റെ ഗുണം അനുഭവപ്പെടും. കുടുംബങ്ങൾ ആരോഗ്യവാനായാൽ ഒരു സമൂഹം നന്നാവും. അതുവഴി ഒരു രാജ്യംഅഭിവൃദ്ധി പ്രാപിക്കും. നമുക്ക് ആരോഗ്യം ഒരു ശീലമാക്കാം ഒപ്പം നമ്മുടെ ഭാവിയും കൂടുതൽ ആവിഷ്കാരപരവും മികച്ചതുമാക്കാം.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# ഐ. ഒ. സി. പെൻസിൽവാനിയ ചാപ്റ്റർ– ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം വർണാഭമായി



സുമോദ് റ്റി നെല്ലിക്കാല

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ഘടകം സംഘടിപ്പിച്ച 79 -ാമത് ഇന്ത്യൻ സ്വാതന്ത്ര്യദിനാഘോഷം വർണാഭമായി. കോൺഗ്രസ് നേതാവും കാസർകോട് എം.പിയുമായ രാജ്മോഹൻ ഉണ്ണിത്താൻ ആയിരുന്നു മുഖ്യാതിഥി. രാജ്മോഹൻ ഉണ്ണിത്താൻ ഇന്ത്യൻ ദേശീയ പതാക ഉയർത്തിയതോടെ ചടങ്ങുകൾ ആരംഭിച്ചു. തുടർന്ന് താലപ്പൊലിയുടെയും ചെണ്ട മേളത്തിന്റെയും അകമ്പടിയിൽ അദ്ദേഹത്തെ ഹാളിലേക്ക് എതിരേറ്റു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് പെൻസിൽവാനിയ ചാപ്റ്റർ പ്രെസിഡൻറ്റ് ഡോ. ഈപ്പൻ ഡാനിയേൽ അധ്യക്ഷം വഹിച്ച പരിപാടിയിൽ ചാപ്റ്റർ സെക്രട്ടറി സുമോദ് റ്റി നെല്ലിക്കാല പൊതുയോഗ പരിപാടികൾ നിയന്ത്രിച്ചു. ചാപ്റ്റർ ചെയർമാൻ സാബു സ്കറിയ സ്വാഗതവും ട്രെഷറർ ഫിലിപ്പോസ് ചെറിയാൻ നന്ദി



യും പ്രകാശിപ്പിച്ചു.

ജീമോൻ ജോർജ് രാജ്മോഹൻ ഉണ്ണിത്താൻ എം പി യെക്കുറിച്ചു ഹ്രസ്വ വിവരണം നൽകി. തുടർന്ന് ക്രിസ്റ്റോസ് മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയത്തിൽ തിങ്ങി നിറഞ്ഞ പ്രവാസി മലയാളികളെ അഭിസംബോധന ചെയ്ത രാജ്മോഹൻ ഉണ്ണിത്താൻ, ഇന്ത്യ ഇന്നു നേരിടുന്ന വെല്ലുവിളികളും രാജ്യത്തിന്റെ ബഹുസ്വരത അട്ടിമറിച്ച് ഏകാധിപത്യ അജണ്ടകൾ നടപ്പിലാക്കാനുള്ള നീക്കങ്ങളും ഉദാഹരണ സഹിതം തുറന്നു കാട്ടി. സ്വാതന്ത്ര്യ സമരതിന്റെ ഹ്രസ്വചരിത്രം വിവരിച്ച രാജ്മോഹൻ ഉണ്ണിത്താൻ മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്ന ശേഷം രാജ്യത്തുണ്ടായ വർഗ്ഗീയ കലാപം, അഭയാർത്ഥി പ്രവാഹം, ദാരിദ്ര്യം, എന്നിവക്കുശേഷം ഒന്നുമില്ലായ്മയുടെ അവസ്ഥയിൽ നിന്നാണ് ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഉയർത്തിക്കൊണ്ട് വന്നത് എന്ന് ചൂണ്ടിക്കാട്ടി. ഈ രാജ്യം ഇന്ന് എവിടെ നിൽക്കുന്നോ അവിടേക്ക് ഇന്ത്യയെ കൊണ്ടുചെന്ന് എത്തിച്ചത് കോൺഗ്രസാണ് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ വധിച്ച ആളുകളുടെ കൈയ്യിലാണ് ഇന്ന് ഇന്ത്യയുടെ ഭരണാധികാരം. അവർ ജർമ്മനിയിൽ ഹിറ്റ്ലർ ചെയ്ത പോലെയും ഇറ്റലിയിൽ മുസോളിനി ചെയ്തപോലെയും റഷ്യയിൽ സ്റ്റാലിൻ ചെയ്തപോലെയും അവർക്കുവേണ്ടി ഒരു ചരിത്രം ഇന്ത്യയിൽ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം സമര ചരിത്രം തിരുത്തിയെഴുതുന്നു. അത് കൊണ്ടുതന്നെ ജനാധിപത്യം അപകടത്തിലാണ്. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യം, പൈതൃകം, സംസ്കാരം, ഇത് തകർക്കാൻ അധികാരം ഉപയോഗിച്ചു കൊണ്ടിരിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ അട്ടിമറിക്കുന്നു. ബി.ജെ.പി. കാരെല്ലാത്ത ഒരാളിനു പോലും നീതി ലഭിക്കാത്ത രീതിയിൽ ഗവർണ്ണർമാരെ ഉപയോഗിച്ച് ഗവൺമെന്റുകളെ സൃഷ്ടിക്കുന്നു എന്നും അദ്ദേഹം അക്കമിട്ടു പറയുകയുണ്ടായി. ഈ സ്വാതന്ത്ര്യ ദിനത്തിൽ ഈ വക കാര്യങ്ങളെപ്പറ്റി ബോധവാൻമാരാകണം എന്നും അദ്ദേഹം ജനാവലിയെ ഉൽബോധിപ്പിച്ചു.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് നേതാക്കൾക്ക് പുറമെ, സാമൂഹിക സാംസ്കാരിക നേതാക്കളും അമേരിക്കൻ പൊളിറ്റിക്സ് പ്രെതിനിധികളായി പെൻസിൽവാനിയ സ്റ്റേറ്റ് സെനറ്റർ ഷെരിഫ് സ്ട്രീറ്റ്, പെൻസിൽവാനിയ സ്റ്റേറ്റ് റെപ് ഷോൺ ഡോഹട്രി എന്നിവർ പരിപാടിയിൽ പങ്കെടുത്തു ഇന്ത്യൻ സമൂഹത്തിനു അഭിവാദ്യം അർപ്പിക്കുകയുണ്ടായി. അലക്സ് തോമസ് ഇരുവരെയും സമൂഹത്തിനു പരിചയപ്പെടുത്തി.

പ്രശസ്ത സിനിമ പിന്നണി ഗായകർ പന്തളം ബാലൻ അവതരിപ്പിച്ച ഗാനസന്ധ്യ ഹൃദ്യമായിരു



ന്നു.പ്രശസ്ത കോമേഡിയനും കേരളാ സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ സുനീഷ് വാരനാടിൻറ്റെ നേതൃത്വത്തിൽ കോമഡി ഷോ പരിപാടിക്ക് മറ്റു കൂട്ടി.

ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിനുവേണ്ടി അഭിലാഷ് ജോൺ, പമ്പ അസോസിയേഷനുവേണ്ടി ജോൺ പണിക്കർ, മാപ്പ് അസോസിയേഷനുവേണ്ടി ശ്രീജിത്ത് കോമാത്ത്, കോട്ടയം അസോസിയേഷനുവേണ്ടി സണ്ണി കിഴക്കേമുറി, ഫ്രണ്ട്സ് ഓഫ് തിരുവല്ലക്കുവേണ്ടി തോമസ് പോൾ, ഫ്രണ്ട്സ് ഓഫ് റാന്നിക്കുവേണ്ടി ജോർജ് മാത്യു, കോശി തലക്കൽ, പ്രൊഫ സാം പനംകുന്നേൽ, ജോൺസൻ ചീക്കപ്പാറ എന്നിവർ ആശംസ അറിയിച്ചു.

ജീമോൻ ജോർജ്, തോമസ് ചാണ്ടി, സ്റ്റാൻലി ജോൺ, ജെയ്സൺ കാരവള്ളി, മാത്യു ജോസഫ്, ശ്രീജിത്ത് മാത്യു എന്നിവർ വാദ്യ ഘോഷങ്ങൾക്കു നേതൃത്വം നൽകി. സുനിത അനീഷ്, ഫെയ്ത് എൽദോ എന്നിവർ കൾച്ചറൽ പ്രോഗ്രാം മാസ്റ്റർ ഓഫ് സെറിമണി ആയി പ്രവർത്തിച്ചു.

കൈറ്റ്‌ലിൻ അവതരിപ്പിച്ച നൃത്ത പരിപാടിയോടെയാണ് കൾച്ചറൽ പ്രോഗ്രാം ആരംഭിച്ചത്. മിയ ബോബ്, ഇങ്കിത മാത്തൻ, സാബു പാമ്പാടി, ജെസ്‌ലിൻ മാത്യു എന്നിവരുടെ ഗാനാലാപനവും നടക്കുകയുണ്ടായി. ഫ്ലവർസ് ചാനലിന് വേണ്ടി റോജിഷ് സാമുവേൽ ഛായാ ഗ്രഹണം നിർവഹിച്ചു. സോബി ഇട്ടി ആയിരുന്നു ഫോട്ടോഗ്രാഫി. ഷാജി സുകുമാരൻ ഭക്ഷണ വിതരണത്തിന് നേതൃത്വം വഹിച്ചു. ഐ ഓ സി പ്രവർത്തകരായ കുര്യൻ രാജൻ, ഷാജി സാമുവേൽ, സാജൻ വറുഗീസ്, ജെയിംസ് പീറ്റർ, ജോൺ ചാക്കോ, വർഗീസ് ബേബി, ലോറൻസ് തോമസ്, ജിജോമോൻ ജോസഫ്, മാർഷൽ വർഗീസ്, ജോൺസൻ മാത്യു, ഗീവറുഗീസ് ജോൺ, സ്റ്റാൻലി ജോർജ് എന്നിവർ കാര്യപരിപാടികൾ ക്രമീകരിച്ചു.















FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# ഫോമാ പ്രസിഡൻറ് സ്ഥാനത്തേക്ക് മാത്യു വർഗീസിന് നവകേരള മലയാളി അസ്സോസിയേഷന്റെ പൂർണ പിന്തുണ




മയാമി: ഫോമാ നാഷണൽ പ്രസിഡൻറ് സ്ഥാനത്തേക്ക് 2026 –2028 കാലയളവിലേക്ക് മത്സരിക്കുന്ന മാത്യു വർഗീസിന് (ജോസ്, ഫ്ലോറിഡ) നവകേരള മലയാളി അസ്സോസിയേഷൻ പൂർണ പിന്തുണ പ്രഖ്യാപിച്ചു. അസ്സോസിയേഷൻ സംഘടിപ്പിച്ച വർണാഭമായ ഓണാഘോഷ വേദിയിലാണ് സംഘടന ഏകകണ്ഠമായ പിന്തുണ മാത്യു വർഗീസിനും, ചടങ്ങിൽ പങ്കെടുത്ത എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്ക് മത്സരിക്കുന്ന അനു സ്കറിയക്കും, കൂടെ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്കും നൽകിയത്.

നവകേരള മലയാളി അസോസിയേഷൻ പ്രസിഡന്റ് സൈമൺ പാറത്താഴം അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫോമാ നാഷണൽ കമ്മറ്റി മെമ്പർ സാജൻ മാത്യു, കേരള സമാജം ഓഫ് സൗത്ത് ഫ്ലോറിഡ പ്രസിഡൻറ് ബിജു ജോൺ, സെക്രട്ടറി മാത്യു ജോൺ, വെസ്റ്റ്പാം ബീച്ച് മലയാളി അസോസിഷൻ മുൻ പ്രസിഡൻറ് റെജി സെബാസ്റ്റ്യൻ, സാജൻ കുര്യൻ, നവകേരള സെക്രട്ടറി ലിജോ പണിക്കർ, ട്രഷറർ സുശീൽ നാലകത്ത്, മുൻ പ്രസിഡന്റുമാർ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു.

നവകേരള മലയാളി അസോസിയേഷൻ നൽകിയ ഏകകണ്ഠമായ പിന്തുണക്ക് മറുപടി പ്രസംഗത്തിൽ മാത്യു വർഗീസ് നന്ദി രേഖപ്പെടുത്തി.


NAVAKERALA MALAYALI ASSOCIATION
South Florida






CELEBRATING
30
Service & Commitment
Blue Ocean
Wealth Solutions
A member of the MassMutual Financial Group
Philipose Samuel
I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals
BUSINESS NEEDS
PERSONAL NEEDS
Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements
Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs
Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*
Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance
Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning
Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies
MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998
Philipose Samuel (Sam)
30 Years of Service
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283
Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഫൊക്കാനയുടെ ആദ്യ പ്രസിഡന്റ് ഡോ. എം അനിരുദ്ധന് സ്മരണാഞ്ജലി അർപ്പിച്ച് കേരള സർക്കാർ



**ശ്രീകുമാർ ഉണ്ണിത്താൻ**

ഫൊക്കാനയുടെ ആദ്യ പ്രസിഡന്റ് ഡോ. എം അനിരുദ്ധന് സ്മരണാഞ്ജലി അർപ്പിച്ച് കേരള സർക്കാർ ഒരു പ്രത്യേക അനുസ്മരണ യോഗം തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ നടത്തി. ഫൊക്കാന നേതാക്കൾ കേരളത്തിൽ ഉള്ളപ്പോൾ തന്നെ ഈ അനുസ്മരണ യോഗം കേരള സർക്കാർ പ്ലാൻ ചെയ്തതായിരുന്നു, പക്ഷേ മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ നിര്യാണം മൂലം ഈ അനുസ്മരണം മാറ്റിവെക്കുകയാണ് അന്ന് ഉണ്ടായത് .നോർക്ക റൂട്ട്സ് ഡയറക്ടർ കൂടി ആയിരുന്ന അദ്ദേഹത്തെ ഓർമ്മിക്കാൻ മുഖ്യമന്ത്രി പ്രത്യേക താല്പര്യം പ്രകടിപ്പിച്ച് നടത്തിയ അനുസ്മരണ സമ്മേളനം ആയിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രി വി ശിവൻകുട്ടി, മുൻ മന്ത്രിമാരായ എം. എം. ഹസൻ, കെ. സി. ജോസഫ്, എം. എ യൂസഫലി, നോർക്ക വൈസ് ചെയർമാൻ പി. ശ്രീരാമ



കൃഷ്ണൻ, എസ് ഹരി കിഷോർ IAS, ഡോ. അനിരുദ്ധന്റെ മകൻ അരുൺ, അജിത്ത് കോളശ്ശേരിയും പ്രവാസി നേതാക്കളും, ഫൊക്കാന നേതാക്കളും, മാധ്യമ പ്രവർത്തകരും പങ്കെടുത്തു.



ഇന്ത്യാക്കാരൻ എന്നതിൽ എന്നും അഭിമാനിച്ച വ്യക്തിത്വമായിരുന്നു ഡോ എം. അനിരുദ്ധന്റേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് അംഗവും ലോക കേരള സഭാഗവും ശാസ്ത്രഗവേഷകനും ഫൊക്കാന പ്രഥമ പ്രസിഡന്റും അമേരിക്കയിലെ പ്രമുഖ പ്രവാസി സംരംഭകനുമായിരുന്ന ഡോ എം. അനിരുദ്ധൻ അനുസ്മരണ യോഗത്തിൽ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ജീവിതാവസാനം വരെ ഇന്ത്യൻ പാസ്സ്പോർട്ടായിരുന്നു ഡോ അനിരുദ്ധന്. എല്ലാ കാലത്തും ഇന്ത്യാക്കാരൻ എന്ന് അഭിമാനിക്കുകയും ആ സ്വത്വം നിലനിർത്തുകയും ചെയ്ത വ്യക്തിത്വമായിരുന്നു ഡോ എം. അനിരുദ്ധന്റേതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. തന്റെ അമേരിക്കൻ സന്ദർശന വേളയിലെയും കേരളത്തിലേയും അനിരുദ്ധനൊപ്പമുള്ള സൗഹൃദ നിമിഷങ്ങളും അനുഭവങ്ങളും മുഖ്യമന്ത്രി ഓർമ്മിച്ചു. സഹോദരതുല്യമായ സ്നേഹമായിരുന്നു പരസ്പരമുണ്ടായിരുന്നതെന്നും ഡോ എം. അനിരുദ്ധന്റെ വിയോഗം തനിക്ക് വ്യക്തിപരമായ നഷ്ടം കൂടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡോ എം. അനിരുദ്ധന്റെ ദീർഘവീക്ഷണവും നിസ്വാർത്ഥ



മായ സേവനവും നോർക്ക റൂട്ട്സിന്റെ ഉന്നതിയ്ക്കു സഹായകരമായെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിച്ച പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയും ഓർമ്മിച്ചു. ഓരോ പ്രവാസിയുടേയും കണ്ണീരും സ്വപനവും അദ്ദേഹം തന്റേതു കൂടെയായി കണ്ട് അതിനായി നിരന്തര പ്രയത്നിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹമെന്നും വി ശിവൻകുട്ടി അനുസ്മരിച്ചു. അമേരിക്കൻ മലയാളികളുടെ സാംസ്കാരിക അന്യവൽക്കരണത്തിനുള്ള സാധ്യത മുന്നിൽ കണ്ട് മലയാള ഭാഷാ സ്വത്വത്തിനുവേണ്ടിയും സാംസ്കാരിക തിരിച്ചറിവിനുവേണ്ടിയും അദ്ദേഹം നടത്തിയ ശ്രമങ്ങളെ അനുസ്മരണ പ്രഭാഷണത്തിൽ നോർക്ക റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ ഓർമ്മിച്ചു. നാടുമായുള്ള ബന്ധം എന്നും നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു ഡോ. അനിരുദ്ധനെന്ന് സഹപ്രവർത്തകനെന്ന നിലയിലും സുഹൃത്തെന്ന നിലയിലുമുള്ള അദ്ദഹത്തോടൊപ്പമുള്ള ഓർമ്മകൾ പങ്കുവെച്ച് നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ ഡോ. എം.എ യൂസഫലിയും അഭിപ്രായപ്പെട്ടു.



തിരുവനന്തപുരം മസ്കോട്ട് ഹോട്ടലിൽ സംഘടിപ്പിച്ച അനുസ്മരണ യോഗത്തിൽ മുൻ മന്ത്രിമാരായ എം. എം. ഹസ്സൻ, കെ. സി. ജോസഫ്, ഡോ എം. അനിരുദ്ധന്റെ മക്കളായ അരുൺ അനിരുദ്ധൻ, ഡോ. അനുപ് അനിരുദ്ധൻ എന്നിവരും ലോക കേരള സഭ അംഗങ്ങൾ, പ്രവാസിസംഘടനാ പ്രതിനിധികൾ തുടങ്ങിയവരും സംബന്ധിച്ചു. ചടങ്ങിൽ നോർക്ക വകുപ്പ്സെക്രട്ടറിഎസ്. ഹരികിഷോർ IAS സ്വാഗതവും, നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. അജിത് കോളശ്ശേരി നന്ദിയും പറഞ്ഞു.



ഡോ. അനിരുദ്ധനെ കുറിച്ചുള്ള അഞ്ച് മിനിട്ട് ദൈർഘ്യമുള്ള ഒരു വീഡിയോയുടെ പ്രദർശനം അദ്ദേഹം കടന്നു വന്ന വഴികളെ കുറിച്ചുള്ളതായിരുന്നു പ്രൊഫ. അലിയാറിന്റെ ശബ്ദത്തിൽ കേട്ട ഡോ. അനിരുദ്ധന്റെ ജീവിതം വളരെ ഭംഗിയായി വീഡിയോയിൽ അവതരിപ്പിച്ചു.

മുഖ്യമന്ത്രിയുടെ ഓഫീസും നോർക്ക റൂട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. അജിത് കോളശ്ശേരിയും ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയുമായി ഈ പ്രോഗ്രാമുയി ബന്ധപ്പെടുകയും ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഫൊക്കാനയുടെ ഭാരവാഹികൾ എല്ലാം തിരിച്ചു അമേരിക്കയിൽ എത്തിയതുകൊണ്ടു ഫൊക്കാനയുടെ പ്രതിനിധിയായി ഡോ.മാത്യൂസ് .കെ.ലൂക്ക് മന്നിയോട്ട് ഈ അനുസ്മരത്തിൽ പങ്കെടുത്തു.

# കേരള സെന്റർ, പയനിയർ ക്ലബ് സംയുക്ത സ്വാതന്ത്ര്യദിനാഘോഷം പ്രൗഢഗംഭീരമായി

## രാജ്മോഹൻ ഉണ്ണിത്താൻ, എംപി പതാക ഉയർത്തി



കേരള സെന്ററും പയനിയർ ക്ലബും സംയുക്തമായി ഓഗസ്റ്റ് 15-ന് ഇന്ത്യയുടെ എഴുപത്തൊമ്പതാമത് സ്വാതന്ത്ര്യദിനം ആഘോഷിച്ചു. കേരള സെന്റർ അങ്കണത്തിലെ ഫ്ലാഗ് പോസ്റ്റിൽ ഇന്ത്യൻ ലോകസഭാ മെമ്പർ രാജ്മോഹൻ ഉണ്ണിത്താൻ ദേശീയ പതാക ഉയർത്തി. തദവസരത്തിൽ എല്ലാവരും കൂടി ദേശീയഗാനം ആലപിച്ചത് വളരെ ഹൃദയഹാര്യമായിരുന്നു.

പതാക ഉയർത്തലിനെ തുടർന്ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ പബ്ലിക് മീറ്റിംഗ് ആരംഭിച്ചു. പയനിയർ ക്ലബ് സെക്രട്ടറി വർഗീസ് അബ്രഹാമിന്റെ (രാജു) ആമുഖത്തോടുകൂടി യോഗം ആരംഭിച്ചു. കേരള സെന്റർ പ്രസിഡന്റ് അലക്സ് കാവുംപുറത്ത് എസ്തപ്പാൻ എല്ലാവര്ക്കും സ്വാഗതം ആശംസിച്ചു. എല്ലാവരും കൂടിയുള്ള വന്ദേമാതരം ആലപനത്തിനു ശേഷം പയനിയർ ക്ലബ് പ്രസിഡന്റ് ജോണി സക്കറിയ പ്രസംഗിച്ചു.

അടുത്തതായി രാജ്മോഹൻ ഉണ്ണിത്താൻ എംപിയെ ഒരു പാർലമെന്റ് അംഗമെന്ന നിലയിലുള്ള സേവനങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ഫലകം നൽകിയും അദ്ദേഹത്തെയും സഹധർമ്മിണിയെയും പൊന്നാട അണിയിച്ചും ആദരിച്ചു. ശ്രീ ഉണ്ണിത്താൻ ഇന്ത്യയുടെ എഴുപത്തൊമ്പതാം സ്വാതന്ത്ര്യദിന സന്ദേശം നൽകി. ഇത് ഇന്ത്യക്കുപുറത്തുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ സ്വാതന്ത്ര്യ ദിനാഘോഷമായിരുന്നു എന്നുള്ളത് അദ്ദേഹത്തിന് വളരെ സന്തോഷകരമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രത്തെപറ്റിയും സ്വാതന്ത്ര

ഭാരതത്തിന്റെ ഭരണാധികാരികൾ നൽകിയ സംഭാവനകളെ പറ്റിയും ഇന്ന് രാജ്യം നേരിടുന്ന വെല്ലുവിളികളെപറ്റിയും അദ്ദേഹം ദീർഘമായി പ്രസംഗിച്ചു. ഭാരതത്തിന്റെ പാരമ്പര്യവും ജനാധിപത്യവും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും സംരക്ഷിക്കാൻ നമോരോരുത്തർക്കും കഴിയട്ടെ എന്ന് അദ്ദേഹം ആശംസിച്ചു. ശ്രീമതി ലീല മാരേട്ടാണ് ശ്രീ ഉണ്ണിത്താനെ സദസ്സിന് പരിചയപ്പെടുത്തിയത്.

ആശംസകൾ നേർന്നുകൊണ്ട് മുൻ ന്യൂയോർക് സെനറ്റർ കെവിൻ തോമസ്, ജോർജ് എബ്രഹാം (ഇന്ത്യൻ ഓവർസീസ് കോൺഗ്രസ്), പോലീസ് ഓഫീസർ തോമസ് ജോയി എന്നിവർ പ്രസംഗിച്ചു.

തുടർന്ന് കേരള സെന്ററിന്റെ ഫൗണ്ടർ മെമ്പേഴ്സിനെ ആദരിച്ചുകൊണ്ടുള്ള ചടങ്ങു നടന്നു. പത്ത് ഫൗണ്ടർ മെമ്പേഴ്സിനെ അവർ കേരള സെന്ററിന് നൽകിയ സേവനങ്ങളെ പ്രശംസിച്ചുകൊണ്ടുള്ള ഫലകങ്ങൾ നൽകി ആദരിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ, എംപി-യിൽ നിന്നാണ് അവർ ഫലകങ്ങൾ ഏറ്റുവാങ്ങിയത്. കേരള സെന്റർ സെക്രട്ടറി രാജു തോമസ് ഈ പരിപാടിക്ക് നേതൃത്വം നൽകുകയും ഡോ. തോമസ് എബ്രഹാം ആശംസ നേരുകയും ചെയ്തു.

തുടർന്നുനടന്ന സെമിനാറുകളിൽ അറ്റോർണി വിനോദ് കെയാർക്കെ ട്രസ്റ്റ്/വിൽ സംബന്ധിച്ചും ഡോൺ തോമസ് സോളാർ എനർജി/സബ്സിഡി എന്നിവയെപറ്റിയും സംസാരിച്ചു.

ഈ ആഘോഷത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച കേരള സെന്ററിലെയും പയനിയർ ക്ലബ്ബിലെയും എല്ലാവർക്കും ഈ സമ്മേളനത്തിൽ പങ്കെടുത്ത് ഇതിനെ വിജയിപ്പിച്ച എല്ലാ സ്നേഹിതർക്കും യോഗത്തിന്റെ എംസിയായിരുന്ന വർഗീസ് എബ്രഹാം നന്ദി പറഞ്ഞു. രാവിലെ ഒമ്പത് മണിക്ക് ബ്രേക്ക്ഫാസ്റ്റോടുകൂടി ആരംഭിച്ച സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ ഒരു മണിക്ക് ലഞ്ചോടുകൂടി അവസാനിച്ചു.











KERALA
CENTER


KERALA
CENTER


KERALA
CENTER


KERALA
CENTER


KERALA
CENTER






KERALA


EXIT


MALABAR
GOLD & DIAMONDS
300 BRANCHES SPREAD ACROSS USA, UAE, OMAN, QATAR, KUWAIT, BAHRAIN, KSA, SINGAPORE, MALAYSIA & INDIA

# ഫോമാ സൗത്ത് ഈസ്റ്റ് റീജിയൻ ഓണം ഗംഭീരമായി ആഘോഷിച്ചു




അറ്റലാന്റാ : ഫോമാ സൗത്ത് ഈസ്റ്റ് റീജിയന്റെ ഓണാഘോഷം അതിഗംഭീരമായി കമ്മിംഗിലുള്ള Fowler park recreation centerൽ വെച്ച് റീജിനൽ വൈസ് പ്രസിഡന്റ് പ്രകാശ് ജോസഫ്, നാഷണൽ കമ്മറ്റി അംഗങ്ങളായ കാജൽ സഖറിയ, ബബ്ലൂ ചാക്കൊ എന്നിവരുടെ നേതൃത്വത്തിൽ 8. 16. 2025 ശനിയാഴച നടത്തപ്പെട്ടു. ചടങ്ങിൽ മുൻ RVP മാരായിരുന്ന തോമസ് കെ. ഈപ്പൻ, ബിജു ജോസഫ് , ഡൊമനിക് ചാക്കോനാൽ എന്നിവരും മുൻ നാഷണൽ കമ്മറ്റി അംഗങ്ങളായിരുന്ന സാം ആന്റൊ, ദീപക് അലക്സാണ്ടർ, ജയിംസ് ജോയി എന്നിവരും പങ്കെടുക്കുകയുണ്ടായി. പ്രധാന അതിഥികളും സംഘാടകരും ചേർന്ന് നിലവിളക്ക് കൊളുത്തുകയും ഓണാശംസകൾ നൽകുകയും ചെയ്തതിനു ശേഷം 11.30 യോടു കൂടി ഓണ



സദ്യ ആരംഭിച്ചു. അതി മനോഹ രമായി ഓണപ്പൂക്കളമിട്ട് അല ങ്കരിച്ച ഹാളിൽ മലയാള തനിമ യോടെ വാഴയിലയിൽ വിളമ്പിയ രുചികരമായ ഓണസദ്യ

'അച്ചായൻസിന്റെ'പാചകക ലയിലുള്ളപാടവംവിളിച്ചറിയി ക്കുന്നതായിരുന്നു. രുചികരമായ ഓണ സദ്യക്ക് ശേഷം റീജിനൽ കമ്മറ്റി ചെയർ ജയിംസ് കല്ലറ ക്കാനിയിൽ, കൾചറൽ കമ്മറ്റി ചെയർ ബിനു കാസിം, സെക്ര ട്ടറി ഉഷ പ്രസാദ്, എന്നിവരുടെ നേതൃത്വത്തിൽ, കാണികളുടെ കണ്ണിനും കാതിനും ഇമ്പകര മായ വിധത്തിൽ അണിയുച്ചൊ രുക്കിയ തിരുവാതിര, കൊച്ചു കുട്ടികളുടെ ഫാഷൻഷോ, പ ാട്ടുകൾ ഇവയെക്കുറിച്ച് എടു ത്തു പറയാതിരിക്കാനാവില്ല. AMMA, GAMA, MASC, KAN,എന്നീ മലയാളിസംഘടനകളുടെ ഭാര വാഹികളും ഈ ഓണാഘോഷ ത്തിൽ പങ്കെടുക്കാനെത്തിയിരു ന്നു എന്നുള്ളത് ശ്രദ്ധേയമാണ്.


എല്ലാവിധത്തിലുമുള്ള ആതി ഥ്യ മര്യാദകളും പാലിച്ച് ഓണം ആഘോഷിച്ച ഫോമാ സൗത്ത് റീജിയൻ ഭാരവാഹികളെ അംഗീക രിക്കാതിരിക്കാനാവില്ല.






The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# പ്രവാസി ഇന്ത്യക്കാരും ഇന്ത്യൻ സ്വാതന്ത്ര്യസമരവും





**ജോർജ്ജ് എബ്രഹാം**

ഇന്ത്യയുടെ 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഈ സമയം, സ്വാതന്ത്ര്യസമരത്തിൽ പ്രവാസി ഇന്ത്യക്കാർ വഹിച്ച പങ്കിനെ സൂക്ഷ്മമായി പരിശോധിക്കാനുള്ള ഒരു അവസരമായി കാണാം. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ പ്രവാസിസമൂഹത്തിന്റെ സംഭാവന അനിഷേധ്യമായ ഒന്നാണെങ്കിലും പലപ്പോഴും അത് അവഗണിക്കപ്പെടുന്നു. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ബി.ആർ. അംബേദ്കർ, വി.കെ. കൃഷ്ണ മേനോൻ എന്നിവരുൾപ്പെടെ സ്വാതന്ത്ര്യസമരത്തിലെ പല പ്രമുഖ നേതാക്കളും വിദേശത്താണ് ജീവിച്ചത്. പാശ്ചാത്യ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം നേടിയ അവർ ആ രാഷ്ട്രീയ സംവിധാനങ്ങളെയും അവയുടെ ഭരണ തത്വങ്ങളെയും കുറിച്ച് ഉത്സുകരായ വിദ്യാർത്ഥികളായിരുന്നു.

പുരാതന ഇന്ത്യയിൽ ആധുനിക ജനാധിപത്യത്തിന്റെ പാരമ്പര്യം വളരെ കുറവായിരുന്നെങ്കിലും, രാജ്യത്തെ പിന്നീട് നയിച്ച നേതാക്കളിൽ പലരെയും വിദേശത്ത് അവർ അനുഭവിച്ച സ്വാതന്ത്ര്യവും അവകാശബോധവും ആഴത്തിൽ സ്വാധീനിച്ചിരുന്നു. ആ ആദർശങ്ങളെ സ്വന്തം നാട്ടിലെ ജനങ്ങൾക്കുകൂടി കരഗതമാക്കാനാണ് അവർ ശ്രമിച്ചത്. ഗാന്ധി തന്റെ ജീവിതകാലം മുഴുവൻ ഗുജറാത്തിലെ പോർബന്ദറിൽ തുടർന്നിരുന്നെങ്കിൽ, അദ്ദേഹം ലോകമെമ്പാടും ആദരിക്കപ്പെടുന്ന മഹാത്മാവായി മാറുമായിരുന്നോ? എനിക്ക് അതിൽ സംശയമുണ്ട്. വ്യക്തിഗത അവകാശങ്ങൾ, വ്യക്തിസ്വാതന്ത്ര്യം, തുല്യ നീതി എന്നീ പാശ്ചാത്യ മൂല്യങ്ങളിൽ നിന്നാണ് അദ്ദേഹത്തിന്റെ ആദർശവാദവും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിനായി


Subhas Chandra Bose



**അതേസമയം,ബ്രിട്ടണിലെ പ്രവാസിസമൂഹം ഇന്ത്യാ ഹൗസ് പോലുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുകയും ലഘുലേഖകൾ അച്ചടിക്കുകയും, യൂറോപ്യൻ സോഷ്യലിസ്റ്റുകളുമായി ബന്ധം സ്ഥാപിക്കുകയും, ബ്രിട്ടീഷ് പാർലമെന്റിൽ ലോബിയിങ് നടത്തുകയും ചെയ്തു. കിഴക്കൻ ഏഷ്യയിൽ, പ്രത്യേകിച്ച് മലേഷ്യയിലും സിംഗപ്പൂരിലും, പ്രവാസികൾ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗും ഇന്ത്യൻ നാഷണൽ ആർമിയും (ഐഎൻഎ) സ്ഥാപിച്ചു.**

നെയ്തെടുത്ത തത്വങ്ങളും ഉരുത്തിരിഞ്ഞത്.

ഇന്ത്യക്കാരെ അമേരിക്കയിലേക്ക് കൊണ്ടുവന്ന ആധുനിക കുടിയേറ്റ തരംഗത്തിന് വളരെ മുമ്പുതന്നെ, പഞ്ചാബിൽ നിന്നുള്ള കുടിയേറ്റക്കാർ (കൂടുതലും സിഖ് കർഷകരും തൊഴിലാളികളും) സാൻ ഫ്രാൻസിസ്കോയിലും പടിഞ്ഞാറൻ കാനഡയിലും എത്തിത്തുടങ്ങി. ബ്രിട്ടീഷ് ഭരണത്തിനെതിരെ സായുധ കലാപത്തിന് പരസ്യമായി ആഹ്വാനം ചെയ്തുകൊണ്ട് അവർ ഗദ്ദർ പ്രസ്ഥാനം എന്നറിയപ്പെടുന്ന പോരാട്ടത്തിന് തുടക്കമിട്ടു. ഗദ്ദർ പത്രത്തിലൂടെ അവർ ആയുധങ്ങൾക്കായി ഫണ്ട് സ്വരൂപിക്കുകയും പോരാളികളെ റിക്രൂട്ട് ചെയ്യുകയും ഒന്നാം ലോകമഹായുദ്ധസമയത്ത് ഇന്ത്യയിലേക്ക് സന്നദ്ധപ്രവർത്തകരെ തിരികെ അയയ്ക്കുകയും ചെയ്തു. ലാലാ ഹർ ദയാൽ, സോഹൻ സിംഗ് ഭക്ന, കർതാർ സിംഗ് സരഭ തുടങ്ങിയ നേതാക്കൾ ഇതിൽ നിർണായക പങ്കുവഹിച്ചു. കലാപം പൊട്ടിപ്പുറപ്പെടുത്താനുള്ള ശ്രമത്തിൽ നൂറുകണക്കിന് ഗദ്ദർ അനുകൂലികൾ ഇന്ത്യയിലേക്ക് മടങ്ങി, പക്ഷേ ബ്രിട്ടീഷ് ഇന്റലിജൻസ് അവരുടെ നിരയിലേക്ക് നുഴഞ്ഞുകയറി ആ പദ്ധതി പരാജയപ്പെടുത്തി. പലരും അറസ്റ്റ് ചെയ്യപ്പെടുകയും വധിക്കപ്പെടുകയും സ്വാതന്ത്ര്യസമരത്തിന്റെ വഴികാട്ടികളും രക്തസാക്ഷികളുമായി മാറുകയും ചെയ്തു.

അതേസമയം,ബ്രിട്ടണിലെ പ്രവാസിസമൂഹം ഇന്ത്യാ ഹൗസ് പോലുള്ള ഗ്രൂപ്പുകൾ രൂപീകരിക്കുകയും ലഘുലേഖകൾ അച്ചടിക്കുകയും, യൂറോപ്യൻ സോഷ്യലിസ്റ്റുകളുമായി ബന്ധം സ്ഥാപിക്കുകയും, ബ്രിട്ടീഷ് പാർലമെന്റിൽ ലോബിയിങ് നടത്തുകയും ചെയ്തു. കിഴക്കൻ ഏഷ്യയിൽ, പ്രത്യേകിച്ച് മലേഷ്യയിലും സിംഗപ്പൂരിലും, പ്രവാസികൾ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗും ഇന്ത്യൻ നാഷണൽ ആർമിയും (ഐഎൻഎ) സ്ഥാപിച്ചു.

പാശ്ചാത്യലോകത്തും പ്രചാരണം വളർന്നു. 1914 മുതൽ 1919 വരെ ലാലാ ലജ്പത് റായ്

അമേരിക്കയിൽ പര്യടനം നടത്തി, അമേരിക്കയിലുള്ളവർക്ക് ബ്രിട്ടീഷുകാരുടെ അടിച്ചമർത്തൽ തുറന്നുകാട്ടുന്നതിനായി പ്രഭാഷണങ്ങളും എഴുത്തും നടത്തി. യൂറോപ്പിൽ, ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ടിൽ നടന്ന സോഷ്യലിസ്റ്റ് കോൺഗ്രസിൽ മാഡം ഭിക്കാജി കാമ 'ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പതാക' ഉയർത്തിയത് ചരിത്രത്തിലെ പ്രസിദ്ധമായ ഏടാണ്. ഇന്ത്യയിൽ നിരോധിച്ച കൊളോണിയൽ വിരുദ്ധ സാഹിത്യം പ്രസിദ്ധീകരിക്കാൻ യൂറോപ്യൻ പത്രസ്വാതന്ത്ര്യം ഉപയോഗിച്ചു. വിദേശ ഇന്ത്യൻ വ്യാപാരികൾ – പ്രത്യേകിച്ച് കിഴക്കൻ ആഫ്രിക്കയിലെ (കെനിയ, ഉഗാണ്ട, ടാൻസാനിയ) – ഇന്ത്യൻ നാഷണൽ കോൺഗ്രസിനും വിപ്ലവ ഗ്രൂപ്പുകൾക്കും ഉദാരമായി സംഭാവന നൽകി, അതേസമയം വിദേശ ഇന്ത്യൻ ബിസിനസ്സ് ശൃംഖലകൾ ബ്രിട്ടീഷ് സെൻസറുകൾക്ക് അപ്പുറത്തേക്ക് സാഹിത്യം, ആയുധങ്ങൾ, സന്ദേശങ്ങൾ എന്നിവ കടത്തിവിട്ടു. വാഷിംഗ്ടൺ, ലണ്ടൻ, ജനീവ എന്നിവിടങ്ങളിൽ എൻആർഐ പ്രവർത്തകർ സർക്കാരുകളെയും അന്താരാഷ്ട്ര സംഘടനകളെയും സ്വാധീനിച്ചു. വി.കെ. കൃഷ്ണ മേനോനെ പോലുള്ള നേതാക്കൾ, ബെർട്രാൻഡ് റസ്സൽ പോലുള്ള ബ്രിട്ടീഷ് സഖ്യകക്ഷികൾക്കൊപ്പം, കോൺഗ്രസ് നേതാക്കളെ ചർച്ച നടത്താൻ ക്ഷണിക്കുന്നതിന് ബ്രിട്ടീഷ് സർക്കാരിൽ സമ്മർദ്ദം ചെലുത്തി.

ഈ ആഗോള ശ്രമങ്ങൾ എല്ലാം തന്നെ ഇന്ത്യയിലെ യുവാക്കളിൽ ആഴത്തിലുള്ള മാനസികവും പ്രത്യയശാസ്ത്രപരവുമായ സ്വാധീനം ചെലുത്തി. സ്വാതന്ത്ര്യസമരത്തെ അന്താരാഷ്ട്രവൽക്കരിക്കുന്നതിന് രാജ്യത്തിനുള്ളിലെ ഏറ്റവും അടിച്ചമർത്തൽ കാലഘട്ടങ്ങളിൽ പോലും, ലോകത്തിന്റെ അവബോധത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യാന്വേഷണത്തെ സജീവമായി നിലനിർത്തുന്നതിലും അവർ വിജയിച്ചു. വിദേശത്തുള്ള ഇന്ത്യക്കാരുടെ ത്യാഗങ്ങൾ, ധൈര്യം, ദർശനം എന്നിവ അംഗീകരിക്കാതെ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ കഥ അപൂർണ്ണമാണ്. കാലിഫോർണിയയിലെ കൃഷിയിടങ്ങൾ മുതൽ ലണ്ടനിലെ തെരുവുകൾ വരെയും, സിംഗപ്പൂരിലെ തുറമുഖങ്ങൾ മുതൽ പാരീസിലെ പ്രസ് റൂമുകൾ വരെയും, പ്രവാസികൾ ഇന്ത്യയുടെ ലക്ഷ്യത്തെ ലോക വേദിയിലേക്ക് കൊണ്ടുപോയി.



മാതൃരാജ്യത്തു നിന്ന് അകലെ കഴിയുന്നു എന്നതുകൊണ്ട് അതിന് സംഭവിക്കുന്ന വിധിയിൽ നിന്നും ദൂരം പാലിക്കുന്നു എന്നല്ല അർത്ഥമെന്ന് അവർ തെളിയിച്ചു. അവരുടെ പാരമ്പര്യത്തെ ആദരിക്കുമ്പോൾ, നമ്മൾ സ്വയം ചോദിക്കേണ്ട ഒരുചോദ്യമുണ്ട് : സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആദർശങ്ങൾ പുതിയ വെല്ലുവിളികൾ നേരിടുന്ന ഇന്നത്തെ കാലഘട്ടത്തിൽ, ഇന്ത്യൻ പ്രവാസികൾ വീണ്ടും അതിനെ നേരിടാൻ വീണ്ടും തുനിഞ്ഞിറങ്ങുമോ?

**യൂറോപ്പിൽ, ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ടിൽ നടന്ന സോഷ്യലിസ്റ്റ് കോൺഗ്രസിൽ മാഡം ഭിക്കാജി കാമ 'ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ പതാക' ഉയർത്തിയത് ചരിത്രത്തിലെ പ്രസിദ്ധമായ ഏടാണ്. ഇന്ത്യയിൽ നിരോധിച്ച കൊളോണിയൽ വിരുദ്ധ സാഹിത്യം പ്രസിദ്ധീകരിക്കാൻ യൂറോപ്യൻ പത്രസ്വാതന്ത്ര്യം ഉപയോഗിച്ചു.**

# വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രോവിൻസിന്റെ ഓണാഘോഷം വർണ്ണാഭമായി

**സാം മണ്ണിക്കരോട്ട്**

ന്യൂ യോർക്ക്: വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക്ക് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഓണാഘോഷം വൈവിദ്ധ്യമായ കലാപരിപാടികളോടുകൂടി സന്തൂർ ബാങ്കറ്റ് ഹാളിൽ വെച്ച് ആഗസ്റ്റ് പതിനേഴാം തീയതി നടത്തപ്പെട്ടു. സംഗീത സാന്ദ്രമായ ചുറ്റുപാടിൽ നടന്ന ആഘോഷത്തിൽ ന്യൂയോർക്കിലെ വിവിധ സംഘടനയുടെ പ്രതിനിധികൾ പങ്കെടുത്തു. ഹീര പോൾ, റിയ അലക്സാണ്ടർ, ഗ്രേസ് ജോൺ, അജു അലക്സാണ്ടർ, ജോസ് കുര്യൻ, റേച്ചൽ ഡേവിഡ് എന്നിവരുടെ ഗാനങ്ങൾ ശ്രവണ സുന്ദരമായിരുന്നു. പ്രോവിൻസ് ചെയർമാൻ മോൻസി വർഗീസ്, പ്രസിഡന്റ് പ്രൊഫ. സാം മണ്ണിക്കാരോട്ട്, ട്രഷറർ ഷാജി മാത്യു, വൈസ് പ്രസിഡന്റ് റേച്ചൽ ഡേവിഡ്, വിമൻസ് ഫോറംപ്രസിഡന്റ് ഡോളമ്മ പണിക്കർ, പ്രോഗ്രാം കോർഡിനേറ്റർ ഹീര പോൾ, ഉഷ ജോർജ് എന്നിവർ ചടങ്ങുകൾക്ക് ചുക്കാൻ പിടിച്ചു. ഞങ്ങഇ അമേരിയ്ക്ക റീജിയൺ ചെയർമാൻ ചാക്കോ കോയിക്കലേത്ത്, റീജിയൻ വിമൻസ് ഫോറം ട്രഷറർ ശോശാമ്മ അലക്സാണ്ടർ, ഗ്ലോബൽ വൈസ് ചെയർമാൻ ജോർജ് ജോൺ, പ്രോവിൻസ് മുൻ പ്രസിഡന്റ് ഡോ. ജേക്കബ് തോമസ്, സർഗ്ഗവേദി ഭാരവാഹി മനോഹർ തോമസ് എന്നിവരെല്ലാം പ്രോവിൻസ് അംഗങ്ങളോടൊപ്പം അണിചേർന്ന് ഈ വർഷത്തെ ന്യൂയോർക്കിലെ ആദ്യ ഓണാഘോഷം കെങ്കേമമാക്കി. വിഭവ സമൃദ്ധമായ ഓണസദ്യ ഏവരിലും ഗ്രഹാതുരത്വം ഉളവാക്കി.












MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



### സിസ്റ്റർ ലിസി ഫിന്നി

വടവത്തൂർ:ശാലേം ബൈബിൾ കോളേജ് & സെമിനാരി പ്രിൻസിപ്പൽ പാസ്റ്റർ ഡോ. ഫിന്നി കുരുവിളയുടെ സഹധർമ്മിണിയും, വടവാത്തൂർ എബെനേസർ ഇന്ത്യ പെന്തകോസ്ത് ദൈവസഭയിലെ അംഗവുമായ റാന്നി നെല്ലിക്കാമൺ വലിയകാലയിൽ കുടുംബാംഗം സിസ്റ്റർ ലിസി ഫിന്നി (56 വയസ്സ്) അന്തരിച്ചു: അക്സ റോജൻ (ന്യൂസിലൻഡ്). മരുമകൻ : പുത്തെൻകുരിശ് ചിറ്റേടത്ത് റോജൻ സി റോയ്.

### ചാക്കോ കുര്യൻ

ഇരവിമംഗലം:കക്കത്തുമല കാരുവേലിപറമ്പിൽ (പുതുക്കരി) ചാക്കോ കുര്യൻ (83) അന്തരിച്ചു. ഭാര്യ: കിടങ്ങൂർ പുതുകാടത്ത് (പെല്ലത്താനം) പരേതയായ ഏലിയാമ്മ. മക്കൾ: റോയി, സോജി, ജിജി.



### വി എസ് ജോൺ

ഡാലസ്: റാന്നി ചേത്തക്കൽ വട്ടക്കുന്നേൽ വീട്ടിൽ വി എസ് ജോൺ (ജോണി -87) ഡാലസിൽ അന്തരിച്ചു. മാർത്തോമ്മാ ചർച്ച് ഓഫ് ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയുടെ സ്ഥാപക അംഗമായിരുന്നു. 1974-ൽ അമേരിക്കയിൽ കുടിയേറി. ഭാര്യ: സാറാമ്മ ജോൺ (ലില്ലി, ഡാലസ്) മക്കൾ: സാം ജോൺ, അന്നമ്മ ജോർജ് (മിനി) (ഇരുവരും ഡാലസി ൽ). മരുമക്കൾ: സരിത ജോ ൺ; ഇടപ്പള്ളി എം ജി വില്ല യിൽ അജിത് ജോർജ് (ഡാ ലസ്) കൊച്ചുമകൾ: മെഗൻ ജോർജ്.സഹോദരങ്ങൾ: അന്നമ്മ, (പരേത), മാത്യു വി. സാമുവേൽ, കോശി വി. സാ മുവേൽ, ഫിലിപ്പ് വി. സാ മുവേൽ (പരേതൻ), തങ്കമ്മ മാത്യു , മറിയാ മ്മ പാപ്പച്ചൻ, ജോർജ് വി. സാമുവേൽ.



### പാസ്റ്റർ ടി. പി. പൗലോസ്

തൃശൂർ: ഐ.പി.സി സീനിയർ ശുശ്രൂഷകനും ആലത്തൂർ സെന്റർ മിനിസ്റ്ററുമായ പട്ടിക്കാട് താണിക്കാട്ട് പാസ്റ്റർ ടി. പി. പൗലോസ് (79) അന്തരിച്ചു.തൃശൂർ ഈസ്റ്റ് സെന്റർ മുൻ ശുശ്രുഷകനായിരുന്നു. ഭാര്യ ഏലിയാമ്മ മൂവാറ്റുപുഴ വാളകം കൂട്ടാലിൽ കുടുംബാഗമാണ്.മക്കൾ : ഗ്ലോറി, ഷേർളി, ലിസ്സി എല്ലാവരും (യു.എസ്.എ). മരുമക്കൾ: ബേബി ജോൺ, ബോബി സാമുവേൽ, ജിബി ജോൺ (എല്ലാവരും യു.എസ്എ).കൊച്ചുമക്കൾ: ജോ, ബെൻജി, സാറ, ജെയ്സൻ, ദിയ. തൃശൂരിലെ ആരംഭ കാല പെന്തക്കോസ്ത് പ്രവർത്തകനും തൃശൂർ സെന്ററിന്റെ മുഖ്യശില്പിയും ദീർഘ വർഷങ്ങൾ അവിഭക്ത സെന്റർ പാസ്റ്ററുമായിരുന്ന പാസ്റ്റർ ടി.പി.പോളിന്റെ മകനാണ്.



### പ്രൊഫ. എ. എം. ജോൺ

കുമ്പനാട് : ആര്യപ്പള്ളിൽ പരേതനായ ഏ .വി . മത്തായിയുടെ (ഉണ്ണിസാർ ) മകൻ പ്രൊഫ. എ.എം. ജോൺ (92) ആഗസ്റ്റ് 13 ബുധനാഴ്ച്ച വൈകിട്ട് അന്തരിച്ചു. ഭാര്യ :എലിസബത്ത് ജോൺ ആനപ്പറമ്പാൽ, ചിറ്റേഴത്ത് കുടുംബാഗമാണ്. മക്കൾ : ബിന്തു ഫിലിപ്പ്, സിന്ദു ജോൺസൺ, സന്തോഷ് ജോൺ.

### മേരിക്കുട്ടി ജോസഫ്

പൊങ്ങന്താനം:കരിക്കണ്ടത്തിൽ മേരിക്കുട്ടി ജോസഫ് (84) അന്തരിച്ചു. ഭർത്താവ്: പരേതനായ കെ. ഇ.ജോസഫ്. മക്കൾ: കെ.ജെ. ജോബ് (നാലുന്നാക്കൽ ബാങ്ക് മുൻ ഭരണസമിതിയംഗം), സോഫി, ജയിംസ് (ബഹ്റൈൻ), സിബിച്ചൻ, ടെസി. മരുമക്കൾ: കുഞ്ഞുഞ്ഞമ്മ കണ്ണൻചിറ, കുഞ്ഞുമോൻ ബീന ഷേർലി ബിജു പുളിക്കൽ തൃക്കൊടിത്താനം.



### ഏലിയാമ്മ തോമസ്

ഫിലഡൽഫിയാ: കീഴ്വായ്പ്പൂർ താഴത്തേടത്ത് പരേതരായ സി.വി. വറുഗീസിന്റെയും സോസമ്മ വറുഗീസിന്റെയും മകളും, കീഴ്വായ്പ്പൂർ കരോട്ട് ബഥേലിൽ പരേതനായ കുര്യൻ തോമസിന്റെ ഭാര്യ- ഏലിയാമ്മ തോമസ് (ചിന്നമ്മ - 93) ഫിലഡൽഫിയായിൽ വച്ച് അന്തരിച്ചു. മോളി സാറാ ചാക്കോ, സൂസൻ എബ്രഹാം (മിനു), എലിസബത്ത് കുര്യൻ (മോജി) എന്നിവർ മക്കളും, കെ സി ചാക്കോ (തമ്പി), തോമസ് എബ്രഹാം (ബിനോയ്), സ്റ്റീവൻ എബ്രഹാം എന്നിവർ മരുമക്കളുമാണ്.

### തങ്കമ്മ ജോസഫ്

കുറവിലങ്ങാട്:പാലയ്ക്കീൽ തങ്കമ്മ ജോസഫ് (76) അന്തരിച്ചു. ഭർത്താവ്: പരേതനായ പി.എം.ജോസഫ് (റിട്ട. അധ്യാപകൻ സെന്റ് മേരീസ് ബിഎച്ച്എസ്).



### മറിയാമ്മ ജോൺ

ഫിലഡൽഫിയാ: മാഷർ സ്ട്രീറ്റ്, സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ച് വികാരി റവ. ഫാ. ഡോ. ജോൺസൺ സി. ജോണിന്റെ മാതാവും, തിരുവല്ല തുകലശ്ശേരിയിൽ, പരേതരായ ചുങ്കത്തിൽ വർഗീസ് മത്തായിയുടെയും, മറിയാമ്മ മത്തായിയുടെയും മകളും, പരേതനായ സി. എം. ജോൺ ചിറത്തലക്കലിന്റെ സഹധർമ്മിണിയുമായിരുന്ന മറിയാമ്മ ജോൺ (അമ്മിണി - 84) ഫിലഡൽഫിയായിൽ അന്തരിച്ചു. പരേതനായ സി. ജെ. മാത്യു, ഫിലിപ്പ് സി. ജോൺ, വർഗീസ് സി. ജോൺ, ജെസ്സി രാജൻ, റവ. ഫാ. ഡോ. ജോൺസൺ സി. ജോൺ (മാഷർ സ്ട്രീറ്റ് സെന്റ് തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ച് വികാരി) എന്നിവരാണ് മക്കൾ.



### ലീലാമ്മ കുര്യൻ

ചിക്കാഗോ: തട്ടാറേട്ട് തോമസ് കുര്യന്റെ (കുട്ടി) ഭാര്യ ലീലാമ്മ കുര്യൻ (76) ഓഗസ്റ്റ് 12-ന് ചിക്കാഗോയിൽ അന്തരിച്ചു. പരേതരായ കൈപ്പുഴ വഞ്ചിപ്പുരയ്ക്കൽ ചാക്കോ - മറിയാമ്മ ദമ്പതികളുടെ പുത്രിയാണ് പരേത. ക്കൾ: ആൻ (സുജ), ടോം കുര്യൻ സിൻഡി. മരുമക്കൾ: ടോണി പുല്ലാപ്പള്ളിൽ, റോണി തടവനാൽ. ഹോദരങ്ങൾ: സിസ്റ്റർ ജസ്റ്റിൻ എസ്.എ.സി, ആലീസ് & പരേതനായ തോമസ് അരങ്ങത്ത്, മാത്യു & ആനി, എൽസി & ഏബ്രഹാം പൂത്തതിൽ, ജേക്കബ് & ഷേർളി, ഗീതമ്മ & ബേബി, ബെന്നി & ജോസി വഞ്ചിപ്പുരയ്ക്കൽ. കാച്ചുമക്കൾ: ജെസീക്ക പുല്ലാപ്പള്ളിൽ, നിക്കോളാസ് പുല്ലാപ്പള്ളിൽ, അലീസ തടവനാൽ, ബ്രാൻഡൻ.



### റോയി മാത്യു

കിടങ്ങൂർ: കൊല്ലാലപാറയിൽ റോയി മാത്യു അന്തരിച്ചു. ഭാര്യ ബീന ന്യൂയോർക്ക് ചരമംഗലം ഇടവക പുത്തൻപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: റൂബൻ മാത്യു. സഹോദരങ്ങൾ; ബേബി കൊല്ലാലപാറ റ്റാമ്പാ , ലാൽ കൊല്ലാലപാറ, ചിക്കാഗോ, ജെയിംസ് കൊല്ലാലപാറ ചിക്കാഗോ, ബീന ജോസ് ചിക്കാഗോ.

### പി.ടി.ജോസുകുട്ടി

കടുവാക്കുളം:പൗവത്ത് പി.ടി.ജോസുകുട്ടി (ലാലിച്ചൻ-65) അന്തരിച്ചു. ഭാര്യ: കീഴുക്കുന്ന് ചമ്പക്കുളം ആനിയമ്മ. മക്കൾ: റിങ്കു (ഡിഎച്ച് ഓഫിസ് അബുദാബി), റിയ (നഴ്സ് കുവൈത്ത്). മരുമക്കൾ: റോബിൻ ജോസഫ് കറുകപ്പള്ളിൽപാലാ (അബുദാബി), മനു മാത്യു (മനുവില്ലാ).



### ലീലാമ്മ ജോസഫ്

കണ്ണങ്കര: വെളിയിൽ വി. യു. ജോസഫിന്റെ ഭാര്യ ലീലാമ്മ ജോസഫ് (71) അന്തരിച്ചു.മക്കൾ: യൂജിൻ ജോസഫ്, ജോർജ്ജ് ജോസഫ്. മരുമക്കൾ: മഞ്ജു, അന്നമ്മ.

### സിബി ജോസഫ്

മണലുങ്കൽ:ആനിക്കാട് സെന്റ് മേരീസ് ഓൾഡ് ഏജ് ഹോം ഡയറക്ടർ ചെരുവിൽ പുരയിടം സിബി ജോസഫ് (54) അന്തരിച്ചു.ഭാര്യ: സാലി സിബി (പൂവത്തിങ്കൽ) മക്കൾ: ലിയോ സിബി (മാർ സ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ), ജിയോ സിബി (എം ആർഎഫ് കോട്ടയം), സിയോ സിബി (മൈ ഡേ വെഡിങ് കമ്പനി പാലാ). മരുമകൾ: അലീന ലിയോ അലീന ലിയോ തൊടുപുഴ)..ജീവ കാരുണ്യ പ്രവർത്തനങ്ങൾ ക്ക് നിരവധി പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.



### കെ.റ്റി അലക്സാണ്ടർ

പുന്നത്തുറ: കണ്ണാമ്പടമറ്റത്തിൽ റിട്ട. ഇന്ത്യൻ എയർ ഫോഴ്സ് ഉദ്യോഗസ്ഥൻ കെ.റ്റി അലക്സാണ്ടർ (അപ്പച്ചൻ 86) അന്തരിച്ചു. പരേതൻ ഇന്ത്യൻ എയർഫോഴ്സിൽ സേവനമനുഷ്ഠിച്ചതിനു ശേഷം പാലാ പ്രൈവറ്റ് ബസ് ഓണേഴ്സ് അസോസിയേഷൻ അംഗമായിരുന്നു, സെന്റ് വിൻസന്റ് ഡിപ്പോൾ സൊസൈറ്റി കോട്ടയം അതിരൂപതയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: സൈമൺ മറിയാമ്മ ദമ്പതികളുടെ മകൾ മേരിക്കുട്ടി അലക്സ്.

### ജെസി വിൻസന്റ്

ചങ്ങനാശേരി:പൂവം പയ്യമ്പള്ളിൽ പരേതനായ പി. കെ.വിൻസന്റിന്റെയും റോസമ്മയുടെയും മകൾ ജെസി വിൻസന്റ് (49) അന്തരിച്ചു.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News